# THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| പുസ്തകം 17 | 1113 മകരം | ലക്കം 6 |
|---|---|---|


വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാർദ്ദാനഭരം വഹിച്ചുമരുവും വിദ്യാർത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസങ്ഗ്രഹസമ്പുടോഽസ്തു ഗുരുനാഥോയം സഹായം ഭുവി.

## വിഷയവിവരം.


1. രണ്ടു് ശാകുന്തളങ്ങൾ ... 241
2. ഭക്തിയും ശൃങ്ഗാരവും ... 248
3. കഥ കാര്യമായി ... 261
4. ഇന്ത്യയിലെ നദികൾ ... 269
5. ചെറുകഥ ... 276
6. സ്വിററ്സർലണ്ടു് ... 279
7. പ്രാഥമികവിദ്യാഭ്യാസം ... 283
8. ശൃംഗാരലഹരി ... 285

# ചിന്താസന്താനം (ഒന്നാംഭാഗം.)

## പുതിയ പതിപ്പ്.

ഗ്രന്ഥകൎത്താ:— ആർ. ഈശ്വരപിള്ള ബി. എ.

വില അണ 10.

## കുമാരനാശാൻെറ പദ്യകൃതി മുഴുവനും 1—ം, 2—ം വാല്യങ്ങൾ.

| | | | |
|---|---|---|---|
| 1-ാംവാല്യം ... ... ... | 3 | 8 | 0 |
| 2-ാംവാല്യം ... ... ... | 4 | 0 | 0 |
| രണ്ടുംകൂടി ഒന്നിച്ചെടുക്കുന്നവൎക്ക് | 7 | 0 | 0 |

## ആശാൻെറ മററു ചില കൃതികൾ.

| | | | | | | | |
|---|---|---|---|---|---|---|---|
| കരുണ | 0 | 6 | 0 | കുയിൽ | 0 | 2 | 0 |
| ലീല | 0 | 10 | 0 | പുഷ്പവാടി | 0 | 6 | 0 |
| മണിമാല | 0 | 6 | 0 | ദുരവസ്ഥ | 0 | 8 | 0 |
| ചണ്ഡാലഭിക്ഷുകി | 0 | 8 | 0 | വനമാല | 0 | 12 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 4 | 0 | | | | |

## അദ്ധ്യാപനസംബന്ധമായ ചില പുസ്തകങ്ങൾ.

### അദ്ധ്യാപനസാഹ്യം

ഗ്രന്ഥകൎത്താ:-
എൻ. ശിവശങ്കരപ്പിള്ള B. A; L. T.
വില അണ 8.

### അദ്ധ്യാപനാങ്കുരം.

ഗ്രന്ഥകൎത്താ:-
എൻ. ശിവശങ്കരപ്പിള്ള B. A; L. T.
വില അണ 6.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

ഗുരുനാഥൻ

| പുസ്തകം 17 | 1113 മകരം | ലക്കം 6 |
|---|---|---|

# രണ്ടു ശാകുന്തളങ്ങൾ.

(പി. ആർ. നീലകണ്ഠൻ നായർ.)

ഈ പേരിൽ രണ്ടു ലേഖനങ്ങൾ മുൻലക്കങ്ങളിൽ പ്രസിദ്ധം ചെയ്യാനിടവന്നിട്ടുണ്ടെങ്കിലും അവയെയൊന്നിനും പ്രകൃത പരിവൎത്തനങ്ങളെ പരാമൎശിപ്പാൻ സംഗതി വന്നില്ലെന്ന പരമാൎത്ഥം സമ്മതിച്ചുകൊള്ളുന്നു. പക്ഷപാതബുദ്ധിയോടെ അവയിൽ ഒന്നിന്റെ അവതാരിക ഔദ്ധത്യസമ്മിളിതം എന്നുള്ളതുകൊണ്ടും മറേറതിന്റെ ഗുണപൗഷ്കല്യത്തിൽ അസൂയാലുവായ ഒരുവന്റെ പൈശാചികനൃത്തത്തിൽ പററിയ കളങ്കപങ്കം ഏതു സഹൃദയനേയും സന്തപിപ്പിക്കുമെന്നതുകൊണ്ടും ആ വഴിക്കു തിരിഞ്ഞുപോയ അപരാധം മാന്യന്മാർ ക്ഷമിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

വള്ളത്തോൾ, ആററൂർ എന്നീ രണ്ടുപേരും ഏതാണ്ടു ലോകരംഗത്തിൽ പ്രവേശിച്ചതു പ്രായംകൊണ്ടു ഒരേകാലത്താണ്. വയസ്സുകൊണ്ടുമാത്രം ഈഷത്സാമ്യമുള്ള ഇവനും അവരോടു പരിചയിപ്പാനും സ്നേഹിപ്പാനും ഇടവന്നിട്ടുണ്ട്. ലോകയാത്രാപഥം ബഹുശാഖയോടുകൂടിയതാകയാൽ ഇന്നു ഞങ്ങൾതമ്മിൽ കണ്ടാലറിയുമോ എന്നു സംശയിക്കുന്നു. എങ്കിലും മനസ്സിൽ ഏതാണ്ടൊരു പഴയ ചിത്രം ഉണ്ടായിരിക്കാം—ഉണ്ട്—എന്നതു നിശ്ചയംതന്നെ.

വ്യക്തിപരമായ വീക്ഷണത്തിൽ തുല്യസ്നേഹാദരങ്ങൾക്കു പാത്രങ്ങളായ ഈ രണ്ടു വിവൎത്തകരെപററി കവികളെന്ന നിലയിൽ ഭിന്നിച്ച ഒരു വീക്ഷണകോണമാണിവനുള്ളതു്. പത്തു ക്ലാസുവരെ ഇംഗ്ലീഷു പഠിച്ചു വിജയിയായ ഒരു വിദ്യാൎത്ഥി കാൎയ്യമൊന്നുമറിയാതെ റിഫ്രാക്ഷൻ കൊണ്ടാണ് എന്നു പറയുംപോലെയാണിതെന്നു കരുതിയാൽ തല്ക്കാലം മതിയാകും.

പ്രകൃതവിവർത്തനങ്ങളെക്കുറിച്ച് ഒരഭിപ്രായത്തിനു മുമ്പ് അല്പമൊരു വ്യതിയാനം ഇനിയും ആവശ്യമാണ്.

പ്രപഞ്ചസൃഷ്ടിക്ക് ആദിയുണ്ടെങ്കിൽ അന്നുതുടങ്ങി സുന്ദരപദാർത്ഥങ്ങളിൽ ജീവികൾക്ക് ഒരഭിനിവേശവുമുണ്ടായിരിക്കണം. ശബ്ദസ്പർശരൂപരസഗന്ധങ്ങൾ സുന്ദരമെന്നു തോന്നിയാൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങളുടെ പഞ്ചീകൃതങ്ങളായ ചെവി, തൊലി, കണ്ണ്, നാക്ക്, മൂക്ക് എന്നീയിന്ദ്രിയങ്ങൾക്ക് ഈഷൽപ്രകമ്പനം ഉണ്ടാകുന്നതാണ്. വേറെ വേറെയായുണ്ടാകുന്ന ഈ വികാരം സച്ചിദാനന്ദത്തിലേക്കുള്ള ആത്മപ്രവണത തന്നെയാണ്.

ഇങ്ങനെ മനുഷ്യരിൽ പ്രത്യക്ഷമായിരിക്കുന്ന വികാരം വികസിതമാകുന്ന ഒരു ഘട്ടം ഉണ്ട്. അന്നാണു കലകളുടെ ഉത്ഭവം. ഈ വഴിക്കു ചിന്തിക്കുമ്പോൾ കലാകാരനു മൂന്നു സംഗതികൾ ഇണങ്ങിച്ചേരുവാനുണ്ട്. (1) സംസ്കൃതിപരമായ വികാരം അല്ലെങ്കിൽ അവ്യക്തപ്രചോദനം, ഒരുവക ദിവ്യവൈവശ്യം. (2) മനോമണ്ഡലത്തിൽ സമുദയം ചെയ്യുന്നതും, അനന്തരമുഹൂർത്തത്തിൽ ബാഹ്യപ്രതിഷ്ഠ ചെയ്യേണ്ടതും ആയ വിഗ്രഹം (3) വിഗ്രഹനിർമ്മാണവും പ്രതിഷ്ഠയും. ഇവയിൽ ഏതെങ്കിലുമൊന്നിനു മററുള്ളവയെ അപേക്ഷിച്ചു പ്രാധാന്യം കല്പിക്കുന്നതു മൗഢ്യമെന്നേ പറവാനുള്ളൂ. ആദ്യമായി ഉണ്ടാകുന്നതും ദിവ്യശക്തി പ്രചോദിതവുമാകകൊണ്ട് ഒന്നാമത്തേതിനു പ്രാമാണ്യം കല്പിക്കുന്നവരുണ്ട്. അങ്ങനെയുണ്ടാകുന്ന വികാരം ഈ വിഗ്രഹത്തെക്കുറിച്ചു സാത്വികചിന്തയ്ക്കും കലാവ്യക്തിക്കും ശക്തമല്ലെങ്കിൽ അതുകൊണ്ട് എന്തു ഫലം? ആ വിഗ്രഹം ബാഹ്യപ്രകടനശക്തമല്ലെങ്കിൽ അതുണ്ടായി എന്ന് എങ്ങനെ അറിയും?

കലാകാരനെപ്പോലെ ആസ്വാദകനും ഈ ഗുണങ്ങൾ ആവശ്യമാണ്. ഏതെങ്കിലുമൊരു കലയുടെ ആസ്വാദനത്തിനു കറങ്ങുന്ന ഒരു ഗ്രാമഫോൺ പ്ലേററിൽ സൂചിയുടെ സമ്പർക്കമുണ്ടാകുമ്പോൾ പ്ലേററിൽ ചിത്രിതമായ ഗീതം പ്രവഹിക്കുന്നതുപോലെ കല മനസ്സിൽ ആദ്യത്തെ രണ്ടു പടവുകളേയും ഉളവാക്കും. ബഹിസ്ഫുരണം ചെയ്ത രൂപത്തെക്കുറിച്ചാണു നിരൂപണത്തിൻെറ ആവശ്യം വരുന്നതു്. കലാകാരനോടൊത്തു വികാരചോദിതനായ ആസ്വാദകൻ ബാഹ്യചിത്രത്തിൽ യോജിക്കുന്നില്ലെങ്കിൽ അതു രണ്ടുവിധകാരണംകൊണ്ടാകാവുന്നതാണ്. അവ കലാകാരനു ബാഹ്യചിത്രനിർമ്മിതിയിൽ ഉള്ള സാമർത്ഥ്യക്കുറവൊ, അല്ലെങ്കിൽ ആസ്വാദകൻെറ പക്ഷപാതബുദ്ധിയോ മറെറാ ആയിരിക്കാം.

കലകൾ സാധിക്കുന്നതിന്ന് ഉപകരണങ്ങൾ കുറയുന്തോറും സൗകുമാര്യം ഏറുകയും കലാകാരന്മാരുടെ എണ്ണം കുറയുകയും ചെയ്യും. ലൗകികദൃഷ്ട്യാ സാഹിത്യകാരനുള്ള ഉപകരണം വളരെ കുറവാണ്. സത്തും ചിത്തും ആനന്ദവും ഭക്തിയെന്ന വികാരത്തിൽ ബിംബിക്കുന്നതു പക്ഷെ അലൗകികമെന്നപേക്ഷിക്കാം. സാഹിത്യകാരന്മാരുടെ ചിത്രത്തിൽ ബഹുമുഖമായ രുചിഭേദം കൊണ്ടു് അഭിപ്രായങ്ങൾ വിവിധഗതി തുടരുന്നുണ്ടു്. “വേപ്പാന്ന ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടു താങ്ങി,” “ചരുമുഖി ചാരിയിരുന്നു” ഈ ചിത്രം രുചിക്കാത്തവർ ചിലരുണ്ടു്. ശബ്ദനിർദ്ധാരിയിൽ കവിക്കു കാലിടറിയതായിരിക്കാമെന്നെ അവരോടു പറവാനുള്ളു. ക്രൂരിമുഖിക്കു സുന്ദരിയെന്നു് അർത്ഥം കിട്ടുമെങ്കിൽ ശബ്ദമോടിക്കു പററിയ വണ്ണം ചിത്രം വരയ്ക്കാമായിരുന്നു. “ചരിഞ്ഞ ശിലാസനത്തിൽ” വാസവദത്തയെ ഇരുത്തി വരയ്ക്കുന്ന ചിത്രം ക്ഷമയെ ഭഞ്ജിക്കുമെന്നൊരു പക്ഷക്കാരുണ്ടു്. ഇങ്ങനെയല്ലെങ്കിലും ചിത്രത്തിന്ന പൂർണ്ണാസ്വാദ്യത സിദ്ധിക്കുന്നതാണു്. കണ്വാശ്രമത്തിലും കശ്യപാശ്രമത്തിലുംവച്ചു കാണുന്ന ശകുന്തളയുടെ ചിത്രത്തിന്ന വല്ല കുറവുമുണ്ടോ എന്നാണിക്കൂട്ടർ ചോദിക്കുന്നതു്. അപ്രകൃതം ഇങ്ങനെ അവസാനിക്കട്ടെ.

ഒരു കവിക്കും പരിഭാഷകനും ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ ഒന്നുതന്നെയാണോ? ഒരിക്കലുമങ്ങനെയാകുവാൻ തരമില്ല. ഒരു കവിയുടെ മനോദർപ്പണത്തിൽ പ്രതിഫലിച്ച ഒരു ബിംബത്തെ അദ്ദേഹത്തിന്ന പാണ്ഡിത്യമുള്ള ഒരു ഭാഷയിൽ ബാഹ്യപ്രതിഷ്ഠ കഴിച്ചതാണു് ഒരു കാവ്യം. ആ ഭാഷയിലും ഏതു ഭാഷയിലേക്കാണൊ പരിവർത്തനം ചെയ്യേണ്ടതു് അതിലും നല്ല പാണ്ഡിത്യം പരിഭാഷകന്നു് ഉണ്ടായിരിക്കണം. എന്നാൽ തന്നെ ഏതു ഭാഷയിലേക്കു തർജ്ജിമ ചെയ്യുന്നോ അതു വിഭവശൂന്യമായാൽ മൂലഭാഷാപ്രയോഗങ്ങളുടെ സൗന്ദര്യം നശിച്ചുപോകുന്നതാണു്. മൂലകവിയുടെ വികാരം, തജ്ജന്യമായ ബിംബം അതു് എങ്ങനെ ബാഹ്യപ്രതിഷ്ഠ ചെയ്തിരിക്കുന്നു എന്നിവയെ സൂക്ഷ്മചിന്തനം ചെയ്തു കവിയുടെ വീക്ഷണകോണത്തിൽ കൂടി ഗ്രന്ഥം പഠിക്കണം. ഇവയ്ക്കു പുറമെ സംഗീതകലയിൽ അല്പമായിട്ടെങ്കിലും പ്രായോഗികജ്ഞാനം പരിഭാഷകനുണ്ടായിരിക്കേണ്ടതാണു്. കേരളകാളിദാസന്റേയും കേരളപാണിനിയുടേയും തർജ്ജിമകളിൽ കാണുന്ന ഗുണദോഷങ്ങൾ ഈ പ്രായോഗികജ്ഞാനവും തദഭാവവുമാണു്. മയൂരസന്ദേശത്തിൽ “മാരക്രീഡാമഹലഹളയിൽ......”

എന്നു തുടങ്ങുന്ന ശ്ലോകം എത്ര മനോഹരമായിരിക്കുന്നു എന്നു നോക്കുക.

സമവയസ്കരായ ഞങ്ങളുടെ (ആററൂർ, വള്ളത്തോൾ ഇവർ) പൂർവ്വകാലസാഹചര്യത്തിൽ നിന്നു് ഇവനുള്ള ഒരു അറിവു പറയുന്നതു വ്യക്തിപരമായി എന്നു തോന്നാതിരിപ്പാൻ അപേക്ഷിച്ചുകൊള്ളുന്നു. വള്ളത്തോളും അദ്ദേഹത്തിൻെറ ചില കൂട്ടരും എനിക്കു പരിചിതരായതു തൃശ്ശിവപേരൂർ വച്ചാണു്. അന്നു് അല്പം കാവ്യവ്യുൽപത്തിയും ആകർഷകമായ കവിതാവാസനയും ഉള്ള ഒരാളായിട്ടേ അദ്ദേഹം ഭാവിച്ചിരുന്നുള്ളു. അതിൽ കൂട്ടതലായി ഒരു പ്രകടനവും ഇവനു് അനുഭവപ്പെട്ടമിരുന്നില്ല. തൃശ്ശിവപേരൂർ സ്ഥിരതാമസത്തിനു സംഗതി വന്നതിനു ശേഷമാണു് അദ്ദേഹം വാല്മീകിരാമായണം തർജ്ജിമ ചെയ്തതു്. അക്കാലത്തു് അതിവിദ്വാനും ബ്രഹ്മവിത്തുമായ ഒരു ബ്രാഹ്മണൻെറ സഹായം ആ കർമ്മത്തെ സവിശേഷം പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. ഇതിനിടയ്ക്കു ഒരു മഹാ കാവ്യഭ്രാന്തു പലരേയും ബാധിച്ചു. അതിൽ ചാടിവീണു് അല്പം കളങ്കം വള്ളത്തോളിൻെറ കവി ശരീരത്തിൽ പററി. എങ്കിലും ഇദ്ദേഹത്തിൻെറ ഖണ്ഡകാവ്യപ്രസ്ഥാനം ആ കളങ്കത്തെ ക്ഷാളനം ചെയ്തു. ആ കാലത്തേക്കു സംഗീതരസാസ്വാദനത്തിനുള്ള ജ്ഞാനേന്ദ്രിയത്തിനു ശൈഥില്യം ഭവിച്ചു. സംഗീതത്തിൽ പ്രായോഗികവിജ്ഞാനമില്ലെങ്കിലും രസിക്കാൻ കഴിയുമായിരുന്ന ആ നിലയും കഷ്ടകാലത്താൽ നഷ്ടമായി. കുറച്ചുകാലം കഴിഞ്ഞപ്പോൾ മററുള്ളവർ ബധിരന്മാരെന്നു വിചാരിച്ചാണു് അദ്ദേഹത്തിൻെറ സംഭാഷണം ഇവനു് അനുഭവപ്പെട്ടിട്ടുള്ളതു്. ഇതാ ഇക്കാലത്താണു ശാകുന്തളതർജ്ജിമ അദ്ദേഹത്തിൻെറവക നമുക്കു ലഭിപ്പാൻ സംഗതിയായതു്. തർജ്ജിമയിൽ അവശ്യമുണ്ടായിരിക്കേണ്ട സംഗീതമാധുരി പല ദിക്കിലും ന്യൂനഭാവം കൈക്കൊണ്ടിരിക്കുന്നതു് അതാതു പ്രകൃതത്തിൽ നമുക്കു കാണാം.

വള്ളത്തോൾ കാവ്യകലയിൽ കൈവച്ച കാലത്തു് ആററൂർ അഭ്യസനം അവസാനിപ്പിച്ചിട്ടില്ല. സബ്രഹ്മചാരികളുമൊത്തു ഗുരുമുഖത്തുനിന്നു ലഭിക്കുന്ന ശാസ്ത്രസിദ്ധാന്തങ്ങളെ ചിന്തിച്ചു് അനുഭൂതിയിൽ വരുത്തുന്ന കാലമാണിതു്. "സ്വയംവശ്യയാം മല്ലാക്ഷീമണി എന്നാവണ്ണം" വാഗ്ദേവി അനുവർത്തിക്കുന്ന ഒരു സ്വരൂപത്തിലെ അംഗമാണു ഗുരുനാഥൻ. ശാസ്ത്രജ്ഞന്മാർ, സംഗീതസാഹിത്യകലകളിൽ പ്രായോഗികകുശലന്മാർ എന്നിങ്ങനെയുള്ളവരല്ലാതെ ആ സ്വരൂപത്തിൽ ആരുംതന്നെ അന്നുണ്ടായിരു

ന്നില്ല. അവിടെയാണ് ഒരു പന്തീരാണ്ടോളം കഴിച്ചുകൂട്ടിയതു്. തക്ശാസ്ത്രത്തിൽ വാദഗ്രന്ഥംവരെ അഭ്യസിക്കുന്ന കാലത്തു മി: പിഷാരടി ഒന്നാന്തരമൊരു വീണവായനക്കാരനുമായി. ഇതിനിടയിൽ അല്പാല്പമായി കാവ്യകലയിൽ വ്യാപരിച്ചിട്ടില്ലെ എന്നു സൂക്ഷ്മമായി ഇവനു നിശ്ചയമില്ല. ഒരിക്കലും ആ കല ജീവനോപകരണമായി സ്വീകരിച്ചിരുന്നില്ലെന്ന് ഉറപ്പുപറയാം. അങ്ങനെ ആ സ്വരൂപത്തിൽനിന്നു തന്നെ അന്നു കവിയായി വരിച്ചിട്ടുണ്ടായിരുന്നില്ല. ആറന്മരിന്റെ കവിത പരക്കെ അറിവാൻ ഇടവന്നിട്ടുള്ളതു് ഉത്തരരാമായണം മൂലമാണ്. അതു ആസ്വാദ്യമാണെന്നു പലരും അഭിപ്രായപ്പെട്ടിട്ടുമുണ്ടു്. ഏതാണ്ടു വിശ്രമാവസരം വന്നപ്പോഴാണു ശാകുന്തളത്തിന്റെ പുറപ്പാടു്. മി: വള്ളത്തോൾ ശാകുന്തളതർജ്ജിമ ചെയ്യുന്നുണ്ടെന്ന് ഈ പ്രസിദ്ധീകരണത്തിനു മുമ്പറിഞ്ഞിരുന്നുവെങ്കിൽ ഏതു ശിക്ഷയും ക്ഷമയോടെ അനുഭവിക്കാമെന്നുറയ്ക്കുമെന്നു മി: പിഷാരടിയുടെ സ്വഭാവപരിചയംകൊണ്ടിവനു തോന്നിപ്പോകുന്നു.

ഇങ്ങനെ പ്രകൃതവിഷയകർത്താക്കളെക്കുറിച്ച് ഇവനറിവുള്ള ചിലതെല്ലാം പറഞ്ഞുകഴിഞ്ഞു. ഇവയിൽ മര്യാദാവിലംഘിയായി വല്ലതും വന്നുപോയിട്ടുണ്ടെങ്കിൽ അതു് ഇവന്റെ അജ്ഞതകൊണ്ടാണ്, അഹംകാരം കൊണ്ടല്ലെ എന്നു സുഹൃത്തുക്കളോടു താഴ്മയായി അപേക്ഷിച്ചുകൊണ്ടു ശാകുന്തളങ്ങളിലേക്കു കടക്കട്ടെ.

നാന്ദിശ്ലോകം അഥവാ നാടകത്തിലെ ആദ്യശ്ലോകം തന്നെ പക്ഷാന്തരമുള്ളതായിക്കാണപ്പെടുന്നു. സാധാരണയായി അണിയറയിൽനിന്നു ചൊല്ലുന്ന ശ്ലോകത്തിനുമാത്രം നാന്ദിയെന്നു ധരിച്ചിട്ടുള്ളവരാണ് അധികമെന്നു തോന്നുന്നു. ഇതുകൂടാതെ മററു ചില കർമ്മങ്ങളും നാന്ദിയിൽ ഉൾപ്പെടും. അവയുടെ അവസാനത്തിലാണ് ഈ കർമ്മം നടത്തുന്നതു്. പഞ്ചോപചാരം ഷോഡശോപചാരം ചതുഷ്ഷഷ്ട്യുപചാരം എന്നീ വിധത്തിൽ പൂജാവിധി ആചരിച്ചതിനു ശേഷം സ്തോത്രപാരായണം ചെയ്തു ഇഷ്ടദേവതയെ അച്ചനം ചെയ്യുന്നതായി കണ്ടിട്ട് അതുപോലെ ആയിരിക്കാമീകർമ്മവുമെന്നു സമാധാനിച്ചിരുന്നു. പക്ഷെ ആ ശ്ലോകം അത്രയ്ക്കു മാത്രമല്ലെന്നു കാണുന്നു. കണ്വൻ, ശകുന്തള, ദുഷ്ഷന്തൻ, ഭരതൻ, എന്നു തുടങ്ങി പ്രധാനമായ എട്ടു കഥാപാത്രങ്ങളടങ്ങിയ നാടകം നിങ്ങളെ സംതൃപ്തരാക്കും എന്നും പല വേഷംകെട്ടി രംഗപ്രവേശനം ചെയ്തു അഭിനയം നടത്തുന്നതു നടസ്വഭാവമാണു എന്നും അതിനു നടരാജനെ പ്രാത്ഥിക്കുന്നു എന്നും ആ ശ്ലോകം വച്ചുകൊണ്ടു ചാച്ചും ചരിച്ചും കെട്ട

ന്ന സമ്പ്രദായം കാണുമ്പോൾ അണിയറക്കു പുറത്തുതന്നെ ആകുന്നതാണ് അധികമൗചിത്യമെന്നു തോന്നുന്നു. രണ്ടു പരിഭാഷകരും ഭിന്നപഥചാരികളായതു് അവരുടെ കല്പനാശക്തികൊണ്ടോ പ്രതിഭാവിശേഷം കൊണ്ടോ അല്ല. രണ്ടുതരം വ്യാഖ്യാതാക്കളുടെ പിന്നാലെ അസ്വതന്ത്രരായ തൎജ്ജിമക്കാർ നടന്നുപോയി എന്നുള്ളതിൽ അധികം ഒന്നും ഇവിടെ പറയാനില്ല.

ഇക്കാലത്തെ കവിതകളെല്ലാം മദയാനയെപ്പോലെയാണ്. അങ്കുശംകൊണ്ടു തടഞ്ഞില്ലെങ്കിൽ അതു തോന്നിയവഴിക്കു പോയേക്കും. അങ്കുശമില്ലെങ്കിലും തോന്നിയവാസിയല്ലാത്ത വള്ളത്തോൾ കവിത അങ്കുശസ്ഥാനത്തു് അല്പമൊന്നു വിരമിച്ചാൽ പിന്നെ മുന്നോട്ടുപോകുവാൻ വളരെ വിഷമിക്കുന്നു. "വിധിഹുതഹവിരാദായിയേതെ" എന്നടിക്കിൽ അല്പ വിരാമംവന്നാൽ "തുഹോതാ" എന്നു വായിക്കേണ്ടിവരും. ഇങ്ങനെ അങ്കുശംകൊണ്ടു മററു രണ്ടടിക്കിൽക്കൂടി ഈ ശ്ലോകത്തിൽ തടയുണ്ടു്. "വഹതിവിധിഹുതംഹവിഃ" എന്ന മൂലവിഭാഗം "വിധിഹുതഹവിരാദായി" എന്നു തൎജ്ജിമചെയ്താൽ ധരിപ്പാനെളുപ്പം മൂലവിഭാഗമാണ് എന്നു തോന്നിപ്പോകുന്നു. "വിധിഹുതമാഹവ്യഃമല്ല" ഇങ്ങനെ ആയാൽ ഭാഷാചരായ കാണുന്നുണ്ടു്. വഃ എന്നു യുഷ്മത്തിനു് ഉത്തമമദ്ധ്യമപുരുഷൻ സൎവ്വനാമമായി അൎത്ഥംപറയാമെങ്കിൽ 'നിങ്ങളെ' എന്നതിനു പകരം 'നമ്മളെ' എന്നുള്ള പ്രയോഗമല്ലെ ഉചിതമായിട്ടുള്ളതു്. ഇടത്തോട്ടും വലത്തോട്ടും ചേരേണ്ട "ഏതു്" എന്ന വ്യാവൎത്തകസൎവ്വനാമം ഒന്നിച്ചു പ്രയോഗിക്കുന്നതു് അല്പം അസുഖകാരണമാണ്. രണ്ടുപേരും ഒന്നിച്ചുചേൎത്തു് "ഏതേതു്" എന്നു പ്രയോഗിച്ചിട്ടുണ്ടു്. മൂലത്തിൽ ഈ സമ്പ്രദായം കാണുന്നുമില്ല. "ഏതാദ്യം ബ്രഹ്മസൃഷ്ടം; ഏതോ സൃഷ്ടിച്ചതാദ്യം വിധി" ഇവയിൽ ഏതിനാണു നാവിനോടിണങ്ങുവാനെളുപ്പം? നാവിനോടിണങ്ങുന്ന വാക്യം ചെവിക്കു സുഖമുള്ളതായിരിക്കും. മൂന്നു് ഇന്ദ്രിയങ്ങളുടെ ഒന്നിച്ചുള്ള പ്രവൃത്തി മനസ്സു സ്ഥിരമായി കൈക്കൊള്ളുന്നതാണ്. മി: വള്ളത്തോളിന്റെ തൎജ്ജിമയേക്കാൾ മി: ആററൂരിന്റെ പരിഭാഷയ്ക്കു് ഈ ആദ്യശ്ലോകത്തെ സംബന്ധിച്ചിടത്തോളം വായനക്കാരുടെ മനസ്സിൽ പതിയുന്നതിനുള്ള ശക്തി അധികമാണ്. ജ്ഞാനേന്ദ്രിയങ്ങളിൽ അധികമെണ്ണം ഒന്നിച്ചു പ്രവൎത്തിച്ചാൽ മനസ്സു സ്വീകരിക്കുന്നതിനു് എളുപ്പമുണ്ടു്. കാവ്യത്തിൽ സംഗീതലയം ഉണ്ടായിരിക്കണമെന്നു പറയുന്നതിന്റേയും സാരവും ഇതുതന്നെയാണ്. സൂത്രധാരൻ അണിയറയിലേക്കു നോക്കിയിട്ടു്, "ആൎയ്യേ, വേഷംകെട്ടൽ കഴിഞ്ഞു എങ്കിൽ" എന്നു വള്ളത്തോളും "ആൎയ്യേ അണിയറ

യിൽ ഒരുങ്ങിക്കഴിഞ്ഞാൽ" എന്നു് ആററൂർ പരിഭാഷപ്പെടുത്തിയിരിക്കുന്നു.

മൂലത്തിൽ 'ആര്യേയദിനേപഥ്യവിധാനമവസിതം' എന്നാണു പാഠം.

നടി അണിയറയ്ക്കകത്തിരുന്നു വേഷം കെട്ടുകയായിരുന്നു. അപ്പോഴാണു സൂത്രധാരൻ രംഗത്തേയ്ക്കു പോന്നതു്. അതുകൊണ്ടാണു വേഷം കെട്ടികഴിഞ്ഞോ എന്നു ചോദിച്ചതു്. നടി വേഷംകെട്ടിക്കൊണ്ടിരിക്കുകല്ലായിരുന്നു. അണിയറയിൽവേണ്ട ഒരുക്കങ്ങൾചെയ്തു വേഷക്കാരെ സഹായിക്കുകയായിരുന്നു എന്നാണു തോന്നുന്നതു്. അല്ലെങ്കിൽ 'യദിനേപഥ്യവിധാനമവസിതം' എന്നും 'നേപഥ്യാഭിമുഖമവലോക്യ' എന്നും മൂലത്തിൽ പ്രയോഗിക്കയില്ലായിരുന്നു. നേപഥ്യവിധാനത്തിനു മി: വള്ളത്തോൾ നിർദ്ദേശിച്ച അർത്ഥവുമുണ്ടായിരിക്കാം. ഇവിടെ അതിനു വ്യാപ്തി മതിയാകുന്നില്ല. സദസ്സുകണ്ട സൂത്രധാരൻ നടിയോടു് "ഓരോ വേഷത്തിലും ശ്രദ്ധവയ്ക്കണം" എന്നു പ്രത്യേകം ശട്ടംചെയ്യുന്നു. "പ്രതിപാത്രമധീയതാംയത്നഃ" എന്നു മൂലത്തിലുമുണ്ടു്. നടിയുടെ വേഷവിധാനമല്ല നാടകത്തിനാവശ്യമുള്ള പാത്രങ്ങളുടെ വിധാനം അവസിതമായോ എന്നാണു സൂത്രധാരൻ ചോദിച്ചതു്.

"ആര്യന്റെ അഭ്യാസഗുണത്താൽ ഒന്നിനും കോട്ടം വരികയില്ല." എന്നു നടി പറയുമ്പോൾ സൂത്രധാരനാണു് എല്ലാ വേഷവും കെട്ടേണ്ടതു് എന്നു തോന്നിപ്പോകും. ആര്യനു അഭ്യാസഗുണമുണ്ടായാൽ വേഷക്കാരെല്ലാം ആ ഗുണമുള്ളവരാകുന്നതെങ്ങനെ? ആര്യന്റെ ശിക്ഷയിലാണു നടന്മാർ അഭിനയക്രമം അഭ്യസിച്ചതെന്നാണുദ്ദേശമെങ്കിൽ അഭ്യാസഗുണം പോര, അഭ്യസിപ്പിച്ച ഗുണം എന്നു പ്രയോജകരൂപം അത്യാവശ്യമാണു്.

"നല്ലവണ്ണം ചൊല്ലിയാടിച്ചിട്ടുള്ളതുകൊണ്ടു" എന്നാണു് മി: പിഷാരടിയുടെ തർജ്ജിമ. 'സുവിഹിത പ്രയോഗതയാ' എന്നു മൂലത്തിൽ കാണുന്ന ആ പ്രയോഗശബ്ദത്തിനു 'ചൊല്ലിയാടിക്ക' എന്ന ഭാഷ ഒന്നാന്തരമായി.

സ്ഥാപനകഴിഞ്ഞു.

# ഭക്തിയും ശൃങ്ഗാരവും.

—ചില പ്രാചീന ഭാഷാകൃതികളോടുകൂടെ—

( ഇ. വി. രാമൻനമ്പൂതിരി. )

ഗുരുദേവതാദിവിഷയകമായ രത്യുത്കർഷം ഭക്തിയെന്നും, സ്ത്രീപുരുഷവിഷയകമായിട്ടുണ്ടാവുന്നതു ശൃംഗാരമെന്നും ആണല്ലോ പറയപ്പെട്ടിരിക്കുന്നതു്. സ്ഥൂലദൃഷ്ടിക്ക് ഇവ രണ്ടും വളരെ അകന്നിരിക്കുന്നതായിത്തോന്നാമെങ്കിലും, സൂക്ഷ്മത്തിൽ തുലോം സാദൃശ്യവും സാമീപ്യവും സൗഭ്രാത്രവും ഈ ഭാവങ്ങൾക്കുണ്ട്. ഒന്നാമതു് രണ്ടും രതിവിശേഷങ്ങളാണ്; അതായതു മൂലഭാവങ്ങളാണ്. രണ്ടാമതു്, പ്രീതിവിശേഷജന്യങ്ങളാകുന്നു. വിഷയഭേദേന തോന്നുന്ന പ്രേമപരിണാമങ്ങളാണെന്ന് ഇനിയുമൊരു സംബന്ധം സാധിക്കാം. ശൃംങ്ഗാരം മുററി ഭക്തിയായി പരിണമിക്കുന്നതും ഭക്തിയുടെ ഇളന്തല ശൃംങ്ഗാരരൂപേണ വളരുന്നതും, ഭക്തിയും ശൃംങ്ഗാരവും കെട്ടിപ്പിണഞ്ഞു കിടക്കുന്നതുകൂടിയും, ശൃംഗാരമോ ഭക്തിയോ എന്നു സന്ദേഹം ഉദിപ്പിക്കുന്നതും എല്ലാം വിചാരണാദൃഷ്ടിക്കു വിഷയീഭവിക്കാറുള്ളതാണല്ലൊ. ജനങ്ങളെ വിശേഷിച്ചും കവികളെ—ഈ രണ്ടും അധികമധികം ആകർഷിച്ചു കാണുന്നതാണു പ്രധാനമായി പ്രകൃതത്തിൽ പ്രസ്താവ്യമായിട്ടുള്ളതു്. പ്രസിദ്ധമഹാകവികളിൽ പലരും, പ്രശസ്തമഹാകൃതികളിൽ പലതും, ഭക്തിയേയോ ശൃംങ്ഗാരത്തെയോ അസാമാന്യമായി മാനിച്ചിരിക്കുന്നതു കാണാം. കാളിദാസവിഷയകമായിട്ടു കണ്ടുകിട്ടിയിട്ടുള്ള പ്രശസ്തി സൂക്തികളിൽ പ്രാധാന്യമേറിയ ഒന്നു്, സുപ്രസിദ്ധപദ്യമായ:— "ഏകോപിജീയതേഹന്ത! കാളിദാസോനകേനചിത്ശൃങ്ഗാരേ ലളിതോദ്ഗാരേ കാളിദാസത്രയീകിമു" എന്നുള്ളതാണല്ലോ. 'ഹാലൻ' അഥവാ 'സാതവാഹനൻ' ഒരുത്തമശൃങ്ഗാരകവിയായിരുന്നു എന്ന് അദ്ദേഹം സങ്ഗ്രഹിച്ചിട്ടുള്ള 'സപ്തശതി' കൊണ്ടറിയാം. മാത്രമല്ല, അദ്ദേഹത്തിന്റെ ആസ്ഥാനകവികളും മിയ്ക്കവരും അങ്ങനെ തന്നെ. 'ഗോവർദ്ധനാചാര്യരു'ടെ 'ആര്യാസപ്തശതി'യിൽ നിന്നു് അദ്ദേഹം എത്രയും ശ്രേഷ്ഠനായ ശൃംഗ്ഗാരകവിയായിരുന്നുവെന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നു. "ശൃംങ്ഗാരോത്തരസത്പ്രമേയരചനൈരാചാര്യഗോവർദ്ധനസ്പർദ്ധീകോപിനവിശ്രുതഃ" എന്നു 'ജയദേവൻ' മുക്തകണ്ഠം ഘോഷിക്കുന്നുണ്ടല്ലൊ. ഓ! ജയദേവനെ ഭക്തകവിയോ ശൃങ്ഗാര

കവിയൊ ആകേണ്ടതു്! ശൃങ്ഗാരം വർണ്ണിച്ചു ഭക്തിയും വിഭക്തിയും പ്രകടീകരിച്ച അദ്ദേഹത്തെ ഒരു 'ഉഭയകവീശ്വരൻ' ആയി ഗണിക്കുന്നതാണ് ഉത്തമമെന്നു തോന്നുന്നു. അന്യോന്യസംബന്ധമില്ലാത്ത അല്പം ചില ശൃംഗാരപദ്യങ്ങളെഴുതി (നിർമ്മിച്ചു) അനശ്വരപ്രഥ നേടിയിരിക്കുന്ന ഒരു മഹാകവിയാണല്ലൊ 'അമരുകൻ'. ഭർത്തൃഹരി'യും പ്രസിദ്ധശൃംഗാരകവിതന്നെ. 'കുട്ടനീമത'കർത്താവു് 'ദാമോദരഗുപ്തൻ' ആ ഒരു മഹാഗ്രന്ഥം കൊണ്ടുതന്നെയാണു് അനശ്വരയശസ്സായി സമുല്ലസിക്കുന്നതു്. 'ബാലികാമത'കർത്താവിനെപ്പോലെ മററു പലതുകൊണ്ടും കൂടിയല്ല. അർവ്വാചീനസംസ്കൃതമഹാകവികളിലും വളരെപ്പേർ മഹാശൃങ്ഗാരകവികളായിട്ടുണ്ടായിരുന്നു എന്നു ചുരുക്കിപ്പറയുകയല്ലാതെ, പരിഗണിക്കാൻ പുറപ്പെട്ടാൽ, പരന്നു പരന്നു പര്യവസാനരഹിതമായിപ്പരിണമിക്കും ഈ ഉപന്യാസം. ഭക്തകവികളുടെ കഥകൂടി കുറച്ചെങ്കിലും കണക്കാക്കി നോക്കേണ്ടതുമുണ്ടല്ലോ.

ആദിശങ്കരാചാര്യരുടെ നാമധേയമാണു് ആദ്യമായി നമുക്കു് അനുസ്മരിപ്പാനുള്ളതെന്നു് ഏററവും അഭിമാനത്തോടുകൂടിത്തന്നെ പറയാം. ഭട്ടമയൂരൻ, ബാണഭട്ടൻ, കാളിദാസൻ മുതലായവർ ആചാര്യസ്വാമികൾക്കുമുൻപുതന്നെ മഹത്തമസ്തോത്രകർത്താക്കളായിട്ടുണ്ടെങ്കിലും, ആ സ്തോത്രങ്ങൾ ഭഗവത്പാദരുടെ ഭക്തിലഹരീതരികളായ വിശ്വോത്തരസ്തോത്രകൃതികളോടു കിടനില്ക്കുന്നവയാണെന്നു പറഞ്ഞുകൂടാ. സർവ്വജ്ഞനും ജഗദ്ഗുരുവുമായ ഈ പരമഹംസപരിവ്രാടിനു തന്നെയാണു് ഭാരതവർഷത്തിലെ ഭക്തകവികളിൽ സമ്രാട്പദം സാധിഷ്ഠവും സമുചിതവുമായിരിക്കുന്നതു്.

'മുകുന്ദമാലാ'കർത്താവായ 'കുലശേഖര'കവിരാജനെ ആണു്, പ്രസ്തുതചക്രവർത്തിയുടെ അടുത്തു ഭക്തകവിയായി നിർദ്ദേശിക്കേണ്ടതു്. 'കുലശേഖര'കീർത്തിമൂർത്തിയുടെ മകുടസ്ഥാനം 'മുകുന്ദമാല'യ്ക്കാണല്ലോ. മഹാനായ 'ഹരദത്താചാര്യ'ർക്കു ശാസ്ത്രലോകത്തിലാണു്, സ്തോത്രലോകത്തിലല്ല പ്രതിഷ്ഠയും പ്രസിദ്ധിയും എന്നുള്ളതു വാസ്തവം തന്നെ. എന്നാൽ അദ്ദേഹത്തിന്റെ ശ്രുതിസൂക്തിമാല ഒരുത്കൃഷ്ടമഹാസ്തോത്രമായിരിക്കുന്നതുകൊണ്ടു്, ഭക്തകവിഗണനയിൽ അദ്ദേഹത്തെ അകററി നിർത്തുന്നതു പാപമായിരിക്കും!

"ലോകേ മഹേശ്വര! പുനസ്തവഭക്തിയോഗാ-
ദാരോപിതാ അപിവയം ബഹുമാനപാത്രം"

എന്നു തുറന്നുപറയുന്ന ഒരു പരമഭാഗവതനെ എങ്ങനെയാണ് ഈ പ്രകൃതത്തിൽ ഒഴിച്ചു നിൎത്തുക!

"യസ്മൈനമോഭവതിയസ്യഗുണാഃ സമഗ്രാ-
നാരായണോപനിഷദായദുപാസനോക്താ
യോനഃ പ്രചോദയതിബുദ്ധിമധിക്രതൗ യഃ
തം ത്വാമനന്യഗതിരീശ്വര! സംശ്രയാമി"

എന്നു തുടങ്ങി,

"വിശ്വം നിരീശ്വരമിദം ജഗദാഹ സാങ്ഖ്യോ-
യോഗശ്ചസേശ്വര,മഭാവനവാദിനോഽന്യേ
നതേ്വവസംഭവതിസേശ്വരതാംബ്രുവാണഃ
പദ്മാസനാദിഭിരനീശ്വരശബ്ദവാച്യൈഃ"

എന്നും മററും തത്ത്വപ്രപഞ്ചനം ചെയ്തശേഷം,

"പഞ്ചാശദുത്തരശതാ 'ശ്രുതിസൂക്തിമാലാ'
ഭോഗാവലീ ഭുജഗരാജമനോഹരാ തേ
വേദേഷു ഭക്തിമപരാഗമവൈദികേഷു
തന്ത്രേഷു ഭക്തിമതുലാം ത്വയിചപ്രസൂതേ"

എന്നിങ്ങനെ അവസാനിക്കുന്ന ആ 'ശ്രുതിസൂക്തിമാല' ശ്രുതിമതിരമണീയമാണെന്നു പറയേണ്ടതില്ലല്ലോ. കൃഷ്ണലീലാശുകൻ പരമഭാഗവതനായ ഒരു ഭക്തകവിയാണെന്നു പ്രത്യേകം പ്രസ്താവിയ്ക്കേണ്ടതുണ്ടോ?

"മന്ദാരമഞ്ജരീസ്യന്ദിമകരന്ദരസാബ്ധയഃ
കസ്യനാഹ്ലാദനായാലം കൃഷ്ണാമൃതകവേർഗ്ഗിരഃ?"

എന്നു 'ഗങ്ഗാദേവി' ചോദിച്ചതിനോടു യോജിക്കാത്തവർ സഹൃദയസമുദായത്തിലുണ്ടാകുമോ? കൃഷ്ണാമൃതം, അഭിനവകൗസ്തുഭമാല, ഭക്ഷിണാമൂൎത്തിസ്തവം എന്നിവയ്ക്കു പുറമേ, വൃന്ദാവനസ്തുതി, കാലവധംകാവ്യം തുടങ്ങി, വേറെ ഉത്തമസംസ്കൃത(പ്രാകൃതത്തിൽ വേറെയുമുണ്ടു്) കൃതികളും അദ്ദേഹത്തിൻെറ വകയായിട്ടുണ്ടെന്നു നാം ഓൎമ്മിക്കേണ്ടതാണ്.

"വാഞ്ഛിതായ ഭവതാം വിജൃംഭതാം
മത്തഹസ്തിവദനം മഹന്മഹഃ,
ലാഞ്ഛിതം ലളിതഭൃങ്ഗസുന്ദരീ—
ലേഖയാ ച ശശിലേഖയാ ചയത്"

എന്നു തുടങ്ങുന്ന 'വൃന്ദാവനസ്തുതി'യും,

"മന്ദസ്മിതസ്നപിതമുഗ്ദ്ധമുഖാരവിന്ദം
മന്ദാനിലാകലിതകോമളകാകപക്ഷമ്,
അങ്ഗം തദേതദഖിലവ്രജലോചനാനാം
മങ്ഗല്യമസ്തു കിമതഃപരമസ്തി കൃത്യം?"

"പിഞ്ഛാവതംസരചനോചിതകേശപാശം
പീനസ്തനീനയനപങ്കജലോഭനീയമ്,
മന്ദാരവർഷഭരിതം സുരസുന്ദരീഭിർ-
മന്ദംമുഹുഃ ക്വണിതവേണുരസാഭിരാമമ്."

ഇത്യാദി സുന്ദരപദ്യങ്ങളടങ്ങിയ 'കാലവധ'വും ആരും അവശ്യം വായിച്ചിരിക്കേണ്ടതുതന്നെ. വിശ്വവിഖ്യാതനായ 'വേദാന്തദേശിക'നും വിശിഷ്ട ഭക്തകവിയായിരുന്നു. 'യാദവാഭ്യുദയ'മഹാകാവ്യവും, ചെറുതരം സ്തോത്രകൃതികളുംമററും ഒഴിച്ചുനിർത്തി നിരൂപണം ചെയ്താലും തരക്കേടൊന്നുമില്ല, 'പാദുകാസഹസ്രം' ഒന്നു മാത്രംമതി അദ്ദേഹത്തിൻെറ ഭക്തമഹാകവിതത്വത്തെ ഉദാഹരിക്കുവാൻ. ശ്രീരാമചന്ദ്രൻെറ പാദുകകളെ മുൻനിർത്തി, പല വൃത്തങ്ങളിൽ, പലതരം പദ്ധതിവിഭാവങ്ങളോടുകൂടി നിർമ്മിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത പാദുകാസഹസ്രത്തിൻെറ വിലയും നിലയും അവർണ്ണനീയമാകുന്നു. ചില പദ്യങ്ങൾ ചുവടെ ഉദ്ധരിക്കാം:—

"ഭരതായ പരം നമോസ്തു തസ്മൈ
പ്രഥമോദാഹരണായ ഭക്തിഭാജാമ്;
യദുപജ്ഞമശേഷതഃ പൃഥിവ്യാം
പ്രഥിതോരാഘവപാദുകാപ്രഭാവഃ."
[പ്രഥമപദ്ധതി- 2-ാം-പദ്യം]

തത്താദൃശാ നിജബലേന നിരൂഢകീർത്തിഃ
ശേഷസ്ത്വമേവ പരിണാമവിശേഷ ഏഷഃ;
രാമേണ സത്യവചസാ യദനന്യവാഹ്യാം
വോഢും പുരാ വസുമതീം ഭവതീ നിയുക്താ.

ശേഷത്വസീമനിയതാം മണിപാദരക്ഷേ!
ത്വാമാഗമാഃകുലവധൂമിവ ബാലപുത്രാഃ
തല്പ്രപദേശയിതസ്യ പരസ്യ പുംസഃ
പാദോപധാനശയിതാമുപധാനയന്തി."
[ശേഷപദ്ധതി-പദ്യം-5-6]

"വിശോപകാരമധികൃത്യ വിഹാരകാലേ-
ഷ്വന്യോന്യതഃ പ്രഥമമേവപരിസ്ഫുരന്ത്യോഃ
ദൃഷ്ടാന്തയന്തി യുവയോർമ്മണിപാദരക്ഷേ!
ദിവ്യം തദേവ മിഥുനം ദിവിഷത്തിഷേവ്യം.
ഭാവേവയത്ര ചരണൌ പരമസ്യ പുംസ-
സ്തത്രദ്വിധാ സ്ഥിതവതീ മണിപാദുകേ! ത്വമ്;
യത്രൈവ ദര്ശയതി ദേവി! സഹസ്രപാത്ത്വം
തത്രാപി നൂനമസി ദര്ശിതതാവദാത്മാ.
പര്യായതോമണിവശാന്മണിപാദരക്ഷേ!
പൂർവ്വാപരത്വനിയമം വ്യതിവർത്തയന്ത്യൌ
മന്യേ യുവാം മഹതി വിഷ്ണുപദേ സ്ഫുരന്ത്യൌ
സന്ധ്യേ സമസ്തജഗതാമഭിവന്ദനീയേ."
[ഭാദുപദ്ധതി-പദ്യം, 13-14-15]

"സന്തഃ സ്വദേശപരദേശവിഭാഗശൂന്യം
ഹന്ത! സ്വവൃത്തിമനഘാം നപരിത്യജന്തി;
രാജ്യേവനേച രഘുപുങ്ഗവപാദരക്ഷാ
നൈജംജഹൌനഖലു കണ്ടകശോധനംതത്.
ബ്രഹ്മാസ്ത്രതാമധിജഗാമ തൃണം പ്രയുക്തം,
പുണ്യം ശരവ്യമഭവത് പയസാംനിധിർവാ,
പൃഥ്വീം ശശാസ പരിമുക്തപദം പദത്രം;
കിം വാനകിം ഭവതി കേളിവിധൗ വിഭൂനാമ്?
അന്യേഷു സത്സ്വപി നരേന്ദ്രസുതേഷു ദൈവാദ്-
ഭ്രഷ്ടഃപദാദധികരോതി പദം പദാര്ഹഃ;
പ്രായോ നിദര്ശയതി തത് പ്രഥമോ രഘൂണാം
തത്പാദയോഃ പ്രതിനിധീ മണിപാദുകേ വാ"

* * * *

"രാമേരാജ്യം പിതുരഭിമതം സമ്മതം ച പ്രജാനാം,
മാതാവപ്രേ തദിഹഭരതേ സത്യവാദീ ദദൗച
ചിന്താതീത! സമജനിതദാ പാദുകാഗ്ര്യാഭിഷേകോ;-
ദ്വർവ്വിജ്ഞാനസ്വഹൃദയമഹോ! ദൈവമത്ര പ്രമാണമ്."

* * * *

"പ്രതിപദചപലാപി പാദുകാ
രഘുപതിനാ സ്വപദേ നിവേശിതാ

സമജനി നിഭൃതസ്ഥിതിസ്തദാ;
ഭവതിഗുണഃ ശ്രിയമഭ്യുപേയുഷാമ്.
ഗതിഃഹേതുരഭ്രുത് കൃചിത് പദേ സ്ഥിതിഹേതുർമ്മണിപാദുകാകൃചിത്;
നഹിവസ്തുഷു ശക്തിനിശ്ചയഃയാ നിയതിഃ കേവലമീശ്വരേച്ഛയാ.
അധരീകൃതോപിമഹതാ തമേവഃസവേത സാദരംഭ്രഷ്ടഃ;
അലഭതസമയേ രാമാത് പാദാക്രാന്താപി പാദുകാരാജ്യമ്”
[സുഭാഷിതപദ്ധതി]

“രാമപാദഗതാ ഭാസാ സാഭാതാഗദപാമരാ
കാദുപാനഞ്ച കാസഹ്യാ ഹ്യാസകാഞ്ചനപാദുകാ”
[ചിത്രപദ്ധതി, പദ്യം-9]

ഈ ഉദ്ധൃതപദ്യങ്ങളിൽനിന്നു പാദുകാസഹസ്രത്തിൻെറ ഗതി ഏതാണ്ടു മനസ്സിലാക്കാമല്ലൊ.

മഹാകവി മൂകനെ പരിചയമില്ലാത്ത സഹൃദയന്മാരുണ്ടാവുമെന്നു വിചാരിക്കുന്നതു ധാർഷ്ട്യമാകുമല്ലോ. അദ്ദേഹവും ഭക്തകവികളിൽ അഗ്രേസരനാണെന്നുള്ളതു പറഞ്ഞറിയിക്കാനുമില്ല. അപ്പയ്യദീക്ഷിതർ, നീലകണ്ഠദീക്ഷിതർ, രാമഭദ്രദീക്ഷിതർ, ജഗന്നാഥപണ്ഡിതർ, വേങ്കടാധ്വരി (വിശ്വഗുണാദർശകാരൻ) മുതലായവരും പരമഭക്തന്മാരായ മഹാകവികളായിരുന്നു. ജഗന്നാഥപണ്ഡിതരെയും വേങ്കടാധ്വരിയേയും അക്കൂട്ടത്തിൽ ഗണിക്കാമോ എന്നു വല്ലവരും ശങ്കിച്ചേയ്ക്കാം. പണ്ഡിതരാജനെ നിശ്ചയമായും ഗണിക്കണമെന്ന് അദ്ദേഹത്തിൻെറ അമൃതനിഷ്യന്ദികളായ മഹിതലഹരികൾതന്നെ വിളിച്ചുപറയുന്നുണ്ട്. വേങ്കടാധ്വരിയാകട്ടെ, മുൻപറഞ്ഞ പാദുകാസഹസ്രംപോലെ, ഒരു 'ലക്ഷ്മീസഹസ്രം' എഴുതിയിട്ടുള്ള മഹാത്മാവാണ്. ബഹുസ്തബകാത്മകമായ ആ സ്തോത്രത്തിൻെറ ഭംഗി അന്യാദൃശമത്രെ.

“ദുർല്ലങ്ഘ്യസംസൃതി ദുരർണ്ണവകർണ്ണധാരാഃ
സമ്പദ്വധൂസതതനർത്തനസൂത്രധാരാഃ
അജ്ഞാനകാനനവിദാരകഠാരധാരാഃ
പദ്മേ! ജയന്തി ഭവദീയകടാക്ഷധാരാഃ”

“യാവദ്ഭാവത് കവീക്ഷാ ചരതിതനുട്ടിതാമിന്ദിരേ! മന്ദിരേഷു
വ്യക്തം നൃത്തം വിധത്തേ ധനപതിവിഭവാദുത്തരാ വിത്തരാജിഃ
ദ്വാരേതാരേശഗൗരാസ്തുരഗപരിവൃഢാഃ സിന്ധുരാബന്ധുരാങ്ഗാ-
ഗർവ്വാത് പുഷ്യന്ത്യുഖർവ്വാഭ്യുദയമഭിമുഖം രാജതേ രാജതേജഃ”

"ശയ്യോത്ഥായം ജനനി! ധനിനാം വാസമാസായമിത്ഥം
ഗത്വാഗത്വാപ്യന ദിനമനൂച്ഛിന്നതൃഷ്ണോദ്ഗമോഹഹമ്
ഹൃദ്യാപാംഗാമിവ ഭവദവപ്ലോഷശാന്ത്യൈരമേ ത്വാം
ഹൃദ്യാപാങ്ഗാം മധുരിപുവശീകാരവിദ്യേ! പ്രപദ്യേ."

"വക്ഷോരക്ഷേ! ശാർങ്ഗിണഃ സ്ഥൂലലക്ഷേ
തത്താദൃക്ഷേ ജാഗ്രതി ത്വത്കടാക്ഷേ
സൂനശ്രീഭിഃ സാന്ദ്രഗന്ധേ പരോക്ഷേ
കുര്യാദാസ്ഥാമല്പധീഃ കല്പവൃക്ഷേ."

"ഭോ! ഭ്രൂപഭ്രമര ഭ്രമ, ഭീമപാപ—
ഭ്രമേ'തി മേമൃഢ്നി ലിപിം വിധാതുഃ
പവര്ഗ്ഗഗർഭാം പരിമൃജ്യ പദ്മേ!
കരോത്യപാങ്ഗോ ഹ്യപവര്ഗ്ഗഗർഭാമ്."

"അപാരസംസാരതപാതപാർത്തി—
വ്യപായദച്ഛായമപാസ്തദോഷമ്
കൃപാമരന്ദൈഃ ശിശിരം രമേഃ ത്വ-
ദപാങ്ഗകല്പദ്രുമുപാശ്രയാമഃ"

"മുഖരുചിസ്സരിത്തരങ്ഗാഃ
സ്മിതസിതശതപത്രലോലകലഭൃങ്ഗാഃ
സമ്പന്നാർത്തനരങ്ഗാഃ"
ജയന്തി ജഗദംബ! താവകാപാങ്ഗാഃ"

ഇത്തരത്തിലുള്ള മധുരോദാരപദ്യങ്ങളെക്കൊണ്ടു നിബിരീസമായിക്കുന്ന ഒരു മഹാഗ്രന്ഥത്തിന്റെ കർത്താവിനേയും ഭക്തകവിഗണനയിൽ വിട്ടുകളയാവുന്നതല്ലതന്നെ. ഈ വിവേചനത്തിൽ നിന്നുതന്നെ, ഭക്തിയും ശൃംങ്ഗാരവും ഭാരതീയമഹാകവികളെ പൊതുവേ ആകർഷിച്ചിട്ടുള്ള വിഷയങ്ങളാണെന്നു വിശദമാകുന്നുണ്ടല്ലോ. വൈദേശികസാഹിത്യപരിശോധനംകൊണ്ടും, ഈ സമ്പ്രദായത്തിന്റെ സ്വാഭാവികതയും സമാകീർണ്ണതയും തെളിയിക്കാവുന്നതാണു്.

ഭക്തിയും ശൃങ്ഗാരവും കവികളെ ഇത്രമാത്രം സവിശേഷമാകർഷിക്കുന്നതിനു കാരണമെന്തായിരിക്കും? ഒന്നല്ല, രണ്ടുണ്ടു് അതിന്നു പ്രധാനകാരണങ്ങൾ എന്നെനിക്കു തോന്നുന്നു. ഭക്തിശൃംങ്ഗാരങ്ങൾ, മററു ഭാവങ്ങളെ അപേക്ഷിച്ചു്, ജനസാമാന്യത്തെ കൂടുതൽ ആകർഷിക്കുകയും

ആനന്ദിപ്പിക്കുകയും ചെയ്യുന്നവയാകുന്നു. ഉദ്ദീപ്രമായ മദ്ധ്യാഹ്നവും സു ശാന്തമായ സായാഹ്നവും പോലെയുള്ള ഒരു പൌർവ്വാപര്യം ഈ ഭാവങ്ങൾക്കുണ്ട്. അതേ, ജീവിതാന്തരാളത്തിൽ ക്രമത്തിൽ ഇവയുടെ സംസ്പർശാവകാശമനുഭവിയ്ക്കുവാനുള്ള വാസനയും ശാസനയും, മാനവസാമാന്യത്തിനു തന്നെ അനാദിസിദ്ധമാണ്. ജീവാത്മാവിൻേറയും ജീവിതത്തിൻേറയും വാസനാവിശേഷങ്ങളും ചോദനാനിമേഷങ്ങളും, മനുഷ്യമനസ്സിനെ പ്രസ്തുതഭാവങ്ങളിൽ രമിപ്പിക്കുകയോ ലയിപ്പിക്കുകയോ ചെയ്യാതിരിക്കുന്നതു് അത്യന്തം അസ്വാഭാവികമത്രെ. എന്നൊങ്കിലും, എങ്ങനെയെങ്കിലും പ്രസ്തുതഭാവങ്ങളോടൊരു നിസ്തുലമൈത്രി സർവ്വജീവരാശിക്കും സമ്പന്നമാവും. യഥാത്ഥകവികൾ ഈ പരമാത്ഥത്തെ ശരിക്കറിയുന്നു. ഹൃദയസംവാദദ്വാരാ ജനമനോഗതികളെ സാക്ഷാത്തായി വീക്ഷണം ചെയ്യുന്ന മഹാകവിമുഖ്യന്മാർ താന്താങ്ങളുടെ നിലയനുസരിച്ചു ഭാവനാവീണയിൽ ഭാവഗാനവായന നടത്തി ഭാവുകാരാധനംചെയ്തു കൃതകൃത്യാത്മത നേടാതെ, ഒരു നിവൃത്തിയും നിർവൃതിയും ഉളവാകുന്നില്ല. ആനന്ദാണ്ണവത്തിൽ സകല ലോകത്തേയും ആറാടിക്കുവാനാണ് അവർക്കു ബദ്ധപ്പാടു്. ഏതേതുഭാഗങ്ങളെ വണ്ണിച്ചാൽ സഹൃദയസന്തോഷണം സുകരമാകുമോ, അതേതും അവരെടുത്തു നീട്ടിനീട്ടിപ്പാടും.

*"ശൃങ്ഗാരീ ചേത് കവിഃ കാവ്യേ
ജാതം രസമയം ജഗത്"

എന്നിങ്ങനെ അഭിയുക്തന്മാർ പറയുന്നതു് അത്ഥവത്തുതന്നെ! ലോകാനുരഞ്ജനത്തിനും, സ്വാത്മാനന്ദനത്തിനും ശൃങ്ഗാരഭക്തികളേയാണു പല മഹാകവികളും കരണീകരിക്കയും ശരണീകരിക്കയും ചെയ്യുന്നതു്. ഭാരതീയമഹാകവികൾ, വിശിഷ്യ കേരളീയമഹാകവികൾ, അധികംപേരും ശൃങ്ഗാരകാവ്യങ്ങളും സ്തോത്രകാവ്യങ്ങളും എഴുതി, അവയേ വെറുക്കുന്ന ഇന്നത്തെ ഒരുവക സഹൃദയംമന്യന്മാരെ മുഷിപ്പിക്കുന്നതിനോ, വെറുപ്പിക്കുന്നതിനുതന്നെയോ ഇടയായിട്ടുണ്ടെങ്കിൽ, കവിദൃഷ്ട്യാ അതു ഝന്നിവാരവും ക്ഷന്തവ്യമായിട്ടുള്ളതും ആകുന്നു.

പ്രസിദ്ധകേരളീയ മഹാകവികളെല്ലാവരുംതന്നെ ഭക്തി ശൃങ്ഗാരങ്ങളിലൊന്നിനെ കുറേ അധികം മാനിച്ചിട്ടുള്ളവരാണ്. കേരളത്തിലെ ക്ഷേത്രപ്രാശസ്ത്യവും, സമ്പത് സമൃദ്ധിയും, ജീവിത സൗഭാഗ്യപരിപാടിക

* "ശൃങ്ഗാരോക്തവിഭാവാനുഭാവവ്യഭിചാരിചർവ്വണാരൂപപ്രതീതിമയഃ; നതുസ്ത്രീവ്യസനീ-ഇതിമന്തവ്യം........ശൃങ്ഗാരപദം രസോപലക്ഷണം"—അഭിനവഗുപ്തപാദാചാര്യർ.

ളുംമററും, കവികളേ അതിലേയ്ക്കധികം പ്രേരിപ്പിക്കുകയും, ജനതാഹൃദയം അതിൽ ഒട്ടല്ലാതെ ഒട്ടിച്ചേരുകയും ചെയ്തിരിക്കാം. ഭക്തിയേയോ ശൃങ്ഗാരത്തേയോ കണക്കിലധികമായി വർണ്ണിച്ചിട്ടുള്ളതുകൊണ്ടു കവികൾ കുററക്കാരാണെങ്കിൽ, അതിലവരേ അനുമോദിക്കുകയും, അഭിനന്ദിക്കുകയും, യഥാശക്തി അനുകരിക്കുകയും, കണക്കിലധികമായ്ത്തന്നെ ചെയ്തുപോന്ന മററുള്ളവരും തെററുകാരാണെന്നു സമ്മതിക്കതന്നെ വേണം. അതില്ലാതെ താദൃശകൃതികളെഴുതിയ കവികളെമാത്രം ഭർത്സനംചെയ്യുന്നതു വിവേചകലാഞ്ഛനമാകുന്നതല്ല. ശൃങ്ഗാരകൃതികളെഴുതിയിട്ടുള്ളവരേ—സഫലവാഗ്വിലാസന്മാരായ മഹാകവികളേ—വിടപ്രഭുക്കന്മാരെന്നും, സമുദായദൂഷകന്മാരെന്നും, ദുർവ്വാസനന്മാരെന്നുംമററും പറഞ്ഞു ചില ഗ്രന്ഥകാരന്മാരും നിരൂപകപ്രമുഖന്മാരും വെറും ശകാരവർഷം ചെയ്തുകാണാറുള്ളതിനും അർത്ഥമൊന്നുമില്ല. വല്ലതും ഉണ്ടെങ്കിൽ കാവ്യം എന്നാൽ എന്താണെന്നും, അതെങ്ങനെ ആർക്കുവേണ്ടി എന്തിനായി ഉളവാകുന്നു എന്നും, കാവ്യം ജനഹൃദയത്തോട് ഏതുതരത്തിലാണ് ഇടപെടുന്നതെന്നും ഒന്നും ഈ ശകാരപ്രിയന്മാർക്ക് അറിഞ്ഞുകൂടെന്നുമാത്രവുമാണ്. ഈ വസ്തുതയേപ്പററി വിസ്തരിക്കുക പ്രകൃതാന്തരത്തിലായിരിക്കും ഉചിതം എന്നു വിശ്വസിക്കുന്നു.

ഏതായാലും, കേരളീയരുടെ വകയായിട്ടുള്ള ഭക്തിമയങ്ങളും ശൃങ്ഗാരമയങ്ങളും ആയ കൃതിതല്ലജങ്ങൾ നമ്മുടെ ജന്മസ്വത്താണ്. തത്കർത്താക്കന്മാർ നമ്മുടെ നിത്യപൂജയ്ക്കുള്ള ഉത്തമപാത്രങ്ങളുമാണ്. സംസ്കൃതകവികളും ഭാഷാകവികളുമായി സമുല്ലസിക്കുന്ന ആ പ്രാചീനകേരളീയമഹാത്മാക്കൾ നിമിത്തം നമുക്കു സിദ്ധിച്ചിട്ടുള്ള കീർത്തിസമ്പത്തി കേവലം വാചാമഗോചരം തന്നെ! ശ്രീശങ്കരഭഗവത് പാദർ, കുലശേഖരചക്രവർത്തി ലീലാശുകമുനി മുതലായവർ കേരളീയരാണെന്നുള്ളതു നമുക്കെത്രയും മഹത്തായ അഭിമാനമല്ലയോ? മേല്പത്തൂർ, ഭട്ടതിരി, മാനവേദകവിരാജൻ, ഉണ്ണായിവാര്യർ, രാമപാണിവാദൻ, സ്വാതിതിരുനാൾ കുലശേഖരപ്പെരുമാൾ, കേരളവർമ്മവലിയകോയിത്തമ്പുരാൻ മുതലായ മഹാകവികളുടെ മഹനീയസ്തോത്രരത്നങ്ങൾ സംസ്കൃതസാഹിത്യവനിതയുടെ വിശിഷ്ടവിഭൂഷണങ്ങളായി എന്നും ശോഭിക്കുമെന്നുള്ളതിനും യാതൊരു സംശയവുമില്ല. അവ അർഹിക്കുന്ന വിധത്തിലുള്ള പ്രചാരവും പ്രകാശവും സിദ്ധിക്കുവാൻ വേണ്ടുന്ന പ്രയത്നം, ആധുനികകേരളീയർ ചെയ്യുന്നില്ലെന്നു് ഒരു കുറവേ പറവാനുള്ളൂ. നാരായണഭട്ടപാദരുടെ 'നാരായണീയ'ത്തിനൊഴികെ, ഒന്നിന്നും കേരളത്തിൽ പോലും ധാരാളം പ്രചാരം സി

ഢിച്ചിട്ടില്ലെന്നുള്ളതു് എത്രയോ ശോചനീയമാണു്! 'ശ്രീപാദസപ്തതി,' 'ഭക്തിമഞ്ജരി' മുതലായവ അച്ചടിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ചുരുക്കം ചില സഹൃദയന്മാർക്കല്ലാതെ അവയുടെ ഗന്ധംപോലുമുണ്ടോ അറിവോ! 'രാമപഞ്ചശതി' 'മുകുന്ദശതകം' മുതലായവ മുഴുവനും പ്രസിദ്ധീകരിച്ചിട്ടു തന്നെയില്ലല്ലോ.

ഭാഷയിലെ സ്തുതികൃതികളുടെ കഥ ഇതിലും പരുങ്ങലെന്നല്ലേ പറയേണ്ടതെന്നു സംശയം! അജ്ഞാതകർത്തൃനാമകങ്ങളായ പ്രാചീനഭാഷാസ്തോത്രങ്ങൾക്കു് ഒരു സംഖ്യാനിർണ്ണയം ചെയ്യുന്നതു തന്നെ കേവലം അശക്യമെന്നാണു വന്നിരിക്കുന്നതു്. പുതുതായിക്കണ്ടുകിട്ടുന്ന പുരാതനഭാഷാകൃതികൾ അധികവും ഭഗവത്സ്തോത്രാത്മകങ്ങളാണല്ലോ. ബാക്കി മിക്കതും ശൃങ്ഗാരകൃതികളും! ഭക്തിശൃങ്ഗാരങ്ങൾ കേരളീയജനസാമാന്യത്തെ എത്രമാത്രം ആകർഷിച്ചിരുന്നു എന്നുള്ളതിനു് ഒരു തികഞ്ഞ തെളിവായിത്തീരത്തക്കവണ്ണം അത്ര അതിവിപുലമാണു് ഈ വക കൃതികളുടെ സാമ്രാജ്യം. അനേകശതാബ്ദകാലം അനന്യസ്പൃതമായിത്തന്നെ അവ ആധിരാജ്യമനുഭവിച്ചിരിയ്ക്കുന്നു! അവയെ നിശ്ശേഷം സംഗ്രഹിക്കുന്നതിനോ, പ്രചരിപ്പിയ്ക്കുന്നതിനോ ഇനിയും ആർക്കും സാധിയ്ക്കാതെയാണിരിക്കുന്നതു്. ഈ ഇനത്തിൽ, 'ത്രൈമാസിക' ദ്വാരാതന്നെ, എത്രവിശിഷ്ടവും വിപുലവുമായ സമ്പത്തു വെളിപ്പെട്ടിരിയ്ക്കുന്നു! വെളിപ്പെടുത്തിക്കൊണ്ടും, വെളിപ്പെടുത്തുവാനും ഇരിയ്ക്കുന്നു! തത്കാലം ചിലതു് ഇവിടെയും ഉദ്ധരിച്ചു കാണിക്കാം:—

1. ഒരു ശിവതാണ്ഡവദണ്ഡകം—

ഗംഗാതരംഗഗണങ്ഗാവലീപതിത-
തുംഗാംശുശോഭിതദിഗന്തം,
ഗണഹതമൃദങ്ഗം, ലളിതശശിഖണ്ഡം,
ഗളവിലുംഠതിബഹളതധടതധടിതിപരിരടിത-
കഠിനതരശതധൃതികപാലം;
ശുണ്ഡാലചർമ്മകൃതചണ്ഡാതകാകലിത-
ചണ്ഡാഹിസാരരസന ബന്ധം,
ശുചിതരളഫാലം, ശുഭദമഖിലാനാം,
ശുചിദശനപരിവിഗളദതിധവളബഹളതര-
മിളിതപടുഹസിതരവഭൃതഭുവനരന്ധ്രം;

യൽപാദനൂപുരഗതദ്ഭാരഭ്രരിഭര-
നിശ്ശേഷഖിന്നഫണിരാജം,
ജവവിധുതവിശം, ജനിതമുനിമോദം,
ജഗദുദരവിദരദുരുകരനികരകരജമണി-
കിരണഗണപരിരചിത വിപുലപരിവേഷം;
വന്ദാരുചാരുതരവൃന്ദാരകേന്ദ്രകര-

വൃന്ദാനുബന്ധിവരശബ്ദം,
വലദുരഗഹാരം, വലിരയമനോജ്ഞം,
വലിതഗിരി ധൃതതരുണി രണദുദധി നമദമരി
ഡുമുഡുമിതഡമരുരുതി മൂഢനടനമീഡേ.

## 2. ഒരു വിഷ്ണുപാദാദികേശം.

പൊന്നുംകിരീടവരമെന്നും ഗിരിംദധത-
മുന്നമ്രമൂൎദ്ധ്നിസലിലം;
പൊലിമയൊടുമിന്നും കനകമയകൎണ്ണാ-
ഭരണനിഴലിയലുമൊരു വലമഥന-

മണിരുചിഭിരൊളിതിരളുമനുപമകപോലം;
പാലംബുരാശിയിലൊരോളം കളിച്ചധിക-
മാലസ്യമാൎന്നമൃദുഹാസം,
പലപൊഴുതുമച്ചോ! പരിചിനൊടുദിച്ചോ-

രുഡുപതിയൊടുടലഴക പിശകുവതി-
ന്ദിതരസമിയലുമൊരു തിരുമുഖവിലാസം;
കാളിന്ദിതങ്കലെഴുമോളങ്ങളോടുപമ-
കോലും വിലോലവനമാലം,

കലിതമുടഞാണും, ഘനപടലിനാണും-
തിരുനിറവുമലരിൽമകം പുണരുമുടൽ നെറിവുമതി-
സുഭഗമതിവേലം.

അച്ചോ! തുടുത്തൊരു മണിച്ചേലകൊണ്ടുടയു-
മജ്ജാനുജംഘകളുമോൎത്താൽ, അഴകുടയകാൽത്താർ
മുതൽതടവിമൂൎദ്ധാവൊളമുപമജഗതനഘിപറകി-
ലവർ വിശിഖശതവുമതിലഘുതരമിതാസ്ഥാം.

ഇനിയും വിഷ്ണുപരമായ ഒരു ദണ്ഡകമാണ് ഉദ്ധരിക്കുന്നത്. ഇതിന്റെ ചില ഭാഗങ്ങൾ പാഠഭേദങ്ങളോടുകൂടിയും, ഇടയ്ക്ക് ഏതാനും വരികൾ വിട്ടും (പൊടിവു നിമിത്തം), മഹാകവി ഉള്ളൂർ പരിഷത്ത്ത്രൈമാസികം 2-ാം വാല്യം 1-ാം ലക്കം 112-ാം പുറത്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഞാനുദ്ധരിക്കുന്നതു് പൊടിവില്ലാത്തതും, പാഠാന്തരങ്ങളുള്ളതുമായ ഒരു മാതൃകയിൽ നിന്നാകയാൽ, ഉള്ളൂർ പ്രസിദ്ധീകരിച്ച ഭാഗംകൂടി, ഉപേക്ഷിക്കാതെ—പൂർണ്ണതയ്ക്കുവേണ്ടി, ഇവിടെ ഉൾപ്പെടുത്തുന്നു.

3

നീരാൽ നിറന്നുപരി ധാരാധരങ്ങളൊടു
പോരാടിവെന്നകചഭാരം,
നീരന്ധ്രമുഴമതികൾ നേരിടുകിലഴൽ പെരുകി
നീദമണിവദനരുചിപൂരം,
നിറമാർന്നഭൃംഗനിരനെറിമാഞ്ഞു കൈതൊഴുത
തരളാകുലാളകമുദാരം,
നിരതിശയകരുണതുകമിരുൾനയനയുഗവിഹിത-
ശശിമിഹിരഗുരുമഹിമസാരം;

വാരാന്തരത്തചയനീരാജികുണ്ഡലരു-
ചാരുഘനനിർമ്മലകപോലം,
വാരിധരപടുനിനദധീരതരമധുരവച-
നാരചിതശിഖിനടനലീലം,
വിരളസ്മിതോല്ലസിതതരളാധരം മുരല-
മുരളീനിനാദമനുവേലം,
വരദരവുമരിയുമൊരു സരസിജവുമൊരുഗദയു-
മിയലുവൊരുകരതലവിലോലം;

താരാഗണോല്ലസിതഹാരേഷുനായകത
ചേരുന്നകൗസ്തുഭവിലാസം,
താരിൽമകൾകുചകളഭസാരരസരുചിരതിരു-
മാറിലിതവനകുസുമജാതം,
തരുണാംബരാരുണിതഹരിദന്തരം ചരിത-
ചരണാംബുദേവമുനിപീതം.
തിരുവുരുവു തവനിയതമവനമതി മമ ഹൃദയ-
മതസിമലർ തൊഴുതനെറിശീതം;

വൃന്ദാവനേ ശിശിരമന്ദാനിലാചലിത-
കുന്ദാദിസൂനസുവികാസേ,

വന്ദിബഹ്മമുനി പരിഷദിന്ദ്രമുഖവിബുധവര-
വൃന്ദപശുപശുപമിളിതാദശേ,
മണിപല്ലവസ്തബകസുരശാഖിമൂലഗത-
കനകാരവിന്ദപുടദേശേ,
പരിലസിതമസിതനവജലദകുലലളിതരുചി-
മുരമഥനവപുരിദമുപാസേ:-

വ്യാലോലപിഞ്ഛവലയാലംബി സംയമിത-
ലോലംബനീലകചപാശം,
ബാലശശിരുചിരതരഫാലതലധൃതതിലക-
മാലസിതതിലകസുമനാസം,
മൃദുഗണ്ഡസഞ്ചലിതമണികുണ്ഡലം ചടുല-
കരുണാവലോകനവിലാസം,
മധുരലസദധരപുടപരിണിഹിതകളമുരളി-
ദശനരുചിവിശദമൃദുഹാസം;

താരാളിതാരരുചിഹാരാവലീവലയി-
തോരോവിലോലവനമാലം,
താരരവമണിവലയഹാരി പൃഥുഭുജയുഗള-
ഭൂരിലസദമലനഖജാലം,
തരളാങ്ഗുലീഗളിതമുരളീനിനാദരസ-
ശിശിരീകൃതാശമനുവേലം,
തനുവിലസദുദരതലമനുപമിതജഘനഭര-
പരിഘടിതതടിദുപമചേലം,

ശിഞ്ജാനഹേമമണി കാഞ്ചീകലാപഗുണ-
സഞ്ജാതഭങ്ഗി പരിപിങ്ഗം,
ചാരുപൃഥുമസൃണലസദൂരുയുഗമുപലസിത-
ജാനുയുഗമതിസുഭഗജങ്ഘം,
മണിനൂപുരാകലിതചരണാംബുജോല്ലസിത-
നഖപങ്ക്തികാന്തിജിതശംഖം
വ്യതിനിഹിതപദയുഗളമരുണതരചരണതല-
മുരുമഹിമനിലയമകളങ്കം,

നാരായണാച്യുത! കൃപാരാമമേ! 'കുരുവ-
യൂര'മ്പുമമ്പർ പെരുമാളേ;
നാരദനമഹിതനിജസാരതകൾ മനസി പരി-
പൂരയിതുമരുളുവതിനാളേ!

നരനായ്പിറന്നു തവ ചരണാൎച്ചനം തടവി
മരുവുന്നതെന്മനസി കോളേ,
നരകഭയമരുളരുതു, സുരപുരിയുമൊരുപൊഴുതു
ജനിമൃതികളടക വഴിപോലെ!!

ഇനിയും പലകൃതികൾ ഉദ്ധരണീയങ്ങളായിട്ടുണ്ടെങ്കിലും, വിസ്തരവൈരസ്യ ശങ്കയാൽ അതിനു തുനിയുന്നില്ല. പ്രാചീനമണിപ്രവാളകൃതികൾ മിക്കതും ഇങ്ങനെ ഭക്തിശൃങ്ഗാരങ്ങളിലൊന്നിൽ ഊന്നിനില്ക്കുന്നവയാണ്. 'കൈരളീ'കളവാണിയുടെ മണിഭൂഷണങ്ങളായ അവയിൽ അനാദരവും അലസതയും അത്യന്തം പരിതാപകരങ്ങളാണെന്നു വിശിഷ്യ പറയുവാനില്ലല്ലോ.

# കഥ കാൎയ്യമായി.

(സീതാദേവി.)

## II

മിഹിരനോടു പറഞ്ഞാൽ അവൻ വേണ്ട സഹായം ചെയ്യും. പക്ഷെ ശിശിരൻ അതു ഗൗരവഹാനിയെന്നു വിചാരിച്ചു.

പൂരവി വേണ്ട സഹായം ചെയ്യുമെങ്കിൽ കാൎയ്യം എളുപ്പത്തിൽ സാധിക്കുമായിരുന്നു. ഇവിടെയുള്ള പല വീടുകളിലും ഇവൾക്കു ജോലിയുണ്ട്. മററു വീടുകളുണ്ടെങ്കിൽ അവൾ വൎത്തമാനത്തിനു ക്രടാരമുണ്ട്. പക്ഷെ ശിശിരൻ അവന്റെ രഹസ്യം ഇവളിൽ എങ്ങനെ അൎപ്പിക്കും. അതു തന്റെ നിലയ്ക്കു അല്പം താഴ്മ ഉളവാക്കുമെന്നു അവൻ വിചാരിച്ചു. അവൾ ഉൽകൃഷ്ടകുലജാതയല്ല, വിദ്യാഭ്യാസമില്ല, സംസ്കാരമില്ല. അവൾ ഈ സംഗതി ഒരു ചീത്ത വീക്ഷണകോണത്തിൽക്രടി നോക്കിയെന്നു വരാം. ശിശിരൻ ഇവയൊന്നുമല്ലാതെ എന്താണു ചെയ്യാൻ പോകുന്നതു്.

അമ്മ:— മകനെ, അവിടെ എന്താണു ചെയ്യുന്നതു്.

ശിശിരൻ:— ഞാൻ അല്പമൊന്നു വിശ്രമിക്കയാണു്.

അമ്മ:— ഈ നേരത്തു് ഇങ്ങനെ കിടക്കുന്നതെന്താണു്. വല്ല സുഖക്കേടുമുണ്ടോ?

ശിശിരൻ:— ഏയ്, ഒന്നുമില്ല.

അമ്മയ്ക്കു കാലു സ്വാധീനമല്ലാത്തതുകൊണ്ടു മുകളിലേയ്ക്കു് കയറുകയില്ല. അതിനാൽ ഇത്രയും കൊണ്ടു ആ കഥ കഴിഞ്ഞു.

ശിശിരൻ രണ്ടുദിവസം മുഴുവനമാലോചിച്ചു, ചിന്തിച്ചു, പക്ഷെ ഒരു സിദ്ധാന്തപക്ഷത്തിൽ എത്തിയില്ല. അയാറം റീനിയുടെ എഴുത്തു് ആവൎത്തിച്ചാവൎത്തിച്ചു പല ഉരുവും കഴിച്ചു. എഴുത്തു കാണാതെ തോന്നി. അതിലേ ഓരോ അക്ഷരവും ഹൃദയത്തിൽ പതിഞ്ഞു. ഒടുവിൽ പൂരവിയെത്തന്നെ ശരണം പ്രാപിക്കയെന്നുറച്ചു. അപ്പോറം അവിചാരിതമായി മററൊരു സ്ഥാനത്തുനിന്നു സഹായം സിദ്ധിച്ചു. മിഹിരൻ മുഖക്ഷൗരത്തിനു ഒരുങ്ങുകയായിരുന്നു. അയാറം ശിശിരന്റെ നേരെ തിരിഞ്ഞു ഇങ്ങനെ ഒരു ചോദ്യം ചെയ്തു. "ജ്യേഷ്ഠ! എന്തു പിണഞ്ഞു."

ശിശിരൻ ഇരുന്നിരുന്ന കസേരയിൽനിന്നു പെട്ടെന്നു് എഴുന്നേററു "എന്തു്, ഒന്നുമില്ല", എന്നു അവ്യക്തമായി മറുപടി പറഞ്ഞു.

മിഹിരൻ ക്ഷൗരം ചെയ്തുകൊണ്ടിരിക്കുമ്പോറം ഇങ്ങനെ തുടങ്ങി:—

ഊണുമില്ല, ഉറക്കവുമില്ല എന്നിങ്ങനെ ജേഷ്ഠനെപ്പററി അമ്മ പറയുന്നതു കേട്ടു. എല്ലായ്പ്പോഴും എന്തോ വിചാരിച്ചു കഴിഞ്ഞുകൂടുന്നത്രെ. അതുകൊണ്ടു ഞാൻ അല്പമൊന്നന്വേഷിച്ചു. റീനി ആരെന്നറിവാൻ മോഹമുണ്ടു്. അല്ലേ അതിനു ഒരു വിഷമവുമില്ല. ആരേയെങ്കിലും ഒരാളെ ഏൎപ്പാടു ചെയ്താൽ കാൎയ്യം എളുപ്പത്തിൽ നേരാകും.

മിഹിരന്റെ ഈ അധികാരസ്വരത്തിൽ ശിശിരനു അല്പം നീരസം ആദ്യം തോന്നി. എന്റെ സ്വകാൎയ്യകാൎയ്യങ്ങളിൽ ഇയാറം ഇടപെടാനെന്തു്? പക്ഷെ കോപംകൊണ്ടും ഇവിടെ ഫലമൊന്നുമില്ല. റീനിയെ കണ്ടുപിടിക്കണമെങ്കിൽ ആരുടേയെങ്കിലും സഹായം അൎത്ഥിക്കതന്നെ വേണം.

നിസ്സഹായനായി ഈ സ്വന്തകാൎയ്യം സാധിപ്പാൻ ശിശിരൻ അപ്രാപ്തനാണു്. പൂരവിയേക്കാറം മിഹിരനാണു നല്ലതു്. പക്ഷെ അയാറംക്കു രഹസ്യമെന്നൊന്നില്ല. ശിശിരൻ—എന്റെ കൈയ്യിൽ പണമില്ല. അങ്ങനെയിരിക്കെ ഞാനൊരാളെ ഏൎപ്പെടുത്തുന്നതെങ്ങനെ?

മിഹിരൻ:— ഈ തൊഴിലുംകൊണ്ടു നടക്കുന്നവരെ ഏല്പിച്ചുകൂടാത്തതാണ്. നമുക്കു രസമണിയെ നോക്കുക. ആ വൃദ്ധ നമ്മുടെ കൂട്ടത്തിൽ വേല ചെയ്യുന്നു. പരിചാരിക എന്ന നിലയിലും വിവാഹബന്ധംസന്ധിപ്പിക്കയെന്ന നിലയിലും ഒരു പങ്കുകാരിയാണ്. അവൾ ദിവസവും ഈ പട്ടണം മുഴുവൻ ചുററിസ്സഞ്ചരിക്കും. അവൾക്കു പത്തോ പതിനഞ്ചോ രൂപ കൊടുക്കുക. വേണ്ട വൎത്തമാനമെല്ലാം അവൾ കൊണ്ടുവരും.

ശിശിരൻ:— അത്ര മതിയോ. എന്നാൽ കൊടുക്കാം. എപ്പോഴാണതു കൊടുക്കേണ്ടതു്.

മിഹിരൻ:— ഇന്നു വൈകുന്നേരം ഞാൻ അവരെ കാണും. പാതിരാവുവരെ നാം തമ്മിൽ കാണുകയില്ല. അതുകൊണ്ടു് ആ പണമിങ്ങുതരൂ. കാൎയ്യമത്രതിടുക്കമുള്ളതല്ലെ?

ശിശിരൻ മേശയുടെ വലിപ്പുതുറന്നു കുറെ പണമെടുത്തു. കുറച്ചുനാളയ്ക്കു കൈയിൽ ഒരുകാശുമില്ലാതായി. ആട്ടെ അതു പോകട്ടെ. മിഹിരൻ മുഖം മിനുക്കി ഒരു ചോദ്യവും കൂടി ചോദിച്ചു. "അവൾ താമസിക്കുന്ന സ്ഥലത്തെക്കുറിച്ചു വല്ല അറിവുമുണ്ടോ? എഴുത്തിൻെറ കവർ കിട്ടീട്ടില്ല എന്നു തോന്നുന്നു."

ഈ ചോദ്യത്തിനുത്തരമായി എഴുത്തു കിട്ടിയ വിവരത്തേക്കുറിച്ചു ശിശിരൻ സവിസ്തരം പറഞ്ഞുകേൾപ്പിച്ചു.

മിഹിരൻ:— "എന്നാൽ ഇതു വളരെ എളുപ്പമായി, പത്തുരൂപ കൊടുത്താൽ ധാരാളമായി. ഇത്രയും പറഞ്ഞു അഞ്ചു രൂപ മടക്കിക്കൊടുത്തു. ഉടനെ അവിടെനിന്നും പോകയും ചെയ്തു.

ഒരു ദിവസത്തെ രാത്രി ശിശിരൻ സുഖമായി കഴിഞ്ഞുകൂടി. സിനിമാസ്ഥാപനത്തിലുള്ള എല്ലാ ആളുകളും തൻെറ രഹസ്യമറിഞ്ഞു് രസിക്കയാണെന്നു ശിശിരൻ സങ്കല്പിച്ചു. ഈ വിചാരം അയാളെ അല്പം അസ്വസ്ഥനാക്കി. എങ്കിലും മിഹിരൻ ഈ മനോരഥത്തെ ഉചിതമായി നയിച്ചു കാൎയ്യസാദ്ധ്യം വരുത്തിയാൽ അവനിൽ ഉള്ള അപരാധം ക്ഷന്തവ്യമെന്നും ശിശിരൻ വിചാരിച്ചു.

അന്നു രാത്രി മിഹിരൻ വീട്ടിൽ വന്നില്ല. രസമണിയുടെ ജയത്തേയൊ അപജയത്തേയൊ അറിവാൻ ശിശിരനു സാധിച്ചില്ല. അടുത്ത ദിവസവും മിഹിരൻ വന്നില്ല. മൂന്നാംദിവസത്തേയ്ക്കു ശിശിരൻെറ ക്ഷമ നിശ്ശേഷം അസ്തമിച്ചു. ഭാഗ്യവശാൽ അന്നു ഞായറാഴ്ചയായിരുന്നു. കാലത്തെ ചായ കഴിച്ചു. തിരിച്ചു വരുമ്പോാം വളരെ വൈകുമെന്നു അമ്മയെ വിളിച്ചു പറഞ്ഞു. എന്നെ കാത്തു ആരും ഇരിക്കേണ്ട. ഇങ്ങനെ ഒരു പകലേയ്ക്കുള്ള ടിക്കററും വാങ്ങി ശിശിരൻ പുറപ്പെട്ടു.

ശിശിരൻ ആദ്യംതന്നെ മിഹിരൻെറ സ്റ്റഡിയോവിലെത്തി. അതു് അടച്ചിരുന്നു. അവിടെ ഒരു ശിപായി അല്ലാതെ ആരുമുണ്ടായിരുന്നില്ല. മാനേജരുടെവീട്ടിൽ ഒരു വലിയ സദ്യയുണ്ടെന്നും അവിടെയാണ്ട് എല്ലാവരും കൂടിയിരിക്കുന്നതെന്നും പറഞ്ഞു. അയാാക്കു മാനേജരുടെ വിലാസം നിശ്ചയമുണ്ടായിരുന്നില്ല. ശിശിരൻ വളരെ പ്രയാസപ്പെട്ടു് ആ വീടു കണ്ടുപിടിച്ചു. അവിടെ എത്തിയപ്പോാം നേരം സന്ധ്യയോടടുത്തിരിക്കുന്നു. അവിടെ ഒരു വലിയ ജനക്കൂട്ടം സംഘടിച്ചിരുന്നു. മിഹിരനെ കണ്ടെത്താൻതന്നെ കുറെ സമയം വേണ്ടിവന്നു. അവനെ കണ്ടുപിടിച്ചിട്ടും ഒററയ്ക്കു രണ്ടു വാക്കുപറവാൻ വിഷമിച്ചു. മാനേജർ ശിശിരനെ കണ്ടെത്തി ഉപചാരങ്ങളോരോന്നു ചെയ്തുതുടങ്ങി. അവയെ നിഷേധിക്കുന്നതു മര്യാദയ്ക്കു പോരാത്തതാണല്ലോ എന്നുകരുതി ഒരുമണിക്കൂറോളം അതിനു വ്യയംചെയ്തു.

ശിശിരൻ മിഹിരനെ മാടിവിളിച്ചു് ഇങ്ങനെ ചോദ്യംചെയ്തു. "വത്തമാനം വല്ലതുമറിഞ്ഞോ?

മിഹിരൻ:— മൂന്നുദിവസമായി ഞാനിടവും വലവും തിരിഞ്ഞിട്ടില്ല. ഇന്നു് ഇതു് അവസാനിക്കും. ഇപ്പോാം കഴിച്ചേക്കാം. ശിശിരൻ അയാളുടെ ക്ഷോഭം നിയന്ത്രിച്ചുകൊണ്ടു വീണ്ടും ചോദിച്ചു. ഇതുവരെ രസമണിയോടു് ഈ കാര്യം പറഞ്ഞില്ലെ."

ഉവ്വ്, പറഞ്ഞു. പക്ഷെ അവളിൽനിന്നു മറുപടി കിട്ടീട്ടില്ല.

ശിശിരൻ:— അവളുടെ വിലാസം എന്താ?

ഒ, അതു് ചീത്തസ്ഥലമാണ്. ജ്യേഷ്ഠൻ അതു കണ്ടെത്താൻ വിഷമിക്കും.

ശിശിരൻ (അല്പം കോപത്തോടെ):— "അതു് എൻെറ ജോലിയല്ലേ. അവിടയ്ക്കുള്ള വിലാസം ഇങ്ങോട്ടു തരാമോ?

മിഹിരൻ വിലാസം ഒരു കടലാസുതുണ്ടിൽ എഴുതിക്കൊടുത്തു. ശിശിരൻ അതുംകൊണ്ടു പുറപ്പെട്ടു. ആ സ്ഥലം വളരെ ചീത്തതന്നെ. പക്ഷെ ആ സ്ഥലത്തെത്തിയപ്പോഴേക്കും നല്ല ഇരുട്ടായിരുന്നു. ശിശിരൻ അറിയുന്ന വല്ലവരെയും ഇവിടെവച്ചു കണ്ടുമുട്ടുന്നതിനു സംഗതിവന്നാൽ വലിയ ആക്ഷേപമാകുമായിരുന്നു എന്നു് അയാൾക്കുതോന്നി.

ഭാഗ്യവശാൽ രസമണി സ്വഗൃഹത്തിൽതന്നെ ഉണ്ടായിരുന്നു. ശിശിരൻതന്നെ താനാരെന്നു പറഞ്ഞു മനസ്സിലാക്കി. "അല്പസമയം എനിക്കുവേണ്ടി നിങ്ങൾ ചിലവാക്കണം. എനിക്കു ചിലതു പറവാനുണ്ടു്. നമുക്കു പുറത്തേയ്ക്കു പോവുക."

രസമണി:— അതു് എന്തിനാണു്.

ശിശിരൻ:— എനിക്കു നിങ്ങളോടു ചിലതു ചോദിപ്പാനുണ്ടു്. ഇവിടെ വച്ചു് അതു വിഷമമാണു്.

രസമണി:— അതിനുള്ള ദോഷമെന്തെന്നു മനസ്സിലായില്ല. ഇവിടെ ഇരിക്കുന്നതിനു് എന്താ വിരോധം.

ശിശിരൻ അവിടെത്തന്നെ ഇരിക്കുന്നതിനു നിർബ്ബന്ധിതനായി. "ആ യുവതിയെക്കുറിച്ചു വല്ല തുമ്പുമുണ്ടായോ" എന്നു കുശലവും ആരംഭിച്ചു.

രസമണി:— കുറെ എല്ലാം കിട്ടീട്ടുണ്ടു്. പക്ഷെ അതെല്ലാം ശരിയാണോ എന്നു സംശയിക്കുന്നു.

"എന്തുകൊണ്ടു്" എന്നു ശിശിരൻ പരിഭ്രമത്തോടെ ചോദിച്ചു.

രസമണി:— നിങ്ങളുടെ വീടിനടുത്തു് ഒരു യുവതി താമസിക്കുന്നുണ്ടു്. അവളുടെ പേരു് ഉഷാറാണി എന്നാണു്. എല്ലാവരും അവളെ റാണി എന്നാണു വിളിക്കുന്നതു്. മൈത്രിയുള്ള ചിലർ റീനി എന്നു വിളിച്ചു എന്നു വന്നേക്കാം.

ശിശിരൻ:— ഞാൻ അന്വേഷിക്കുന്ന കുട്ടി അതാണെന്നു നിങ്ങൾ എങ്ങനെ ഊഹിച്ചു.

രസമണി:— ആ പ്രദേശത്തു പ്രായമായവളും അവിവാഹിതയുമായി വേറെ കുട്ടികളില്ല. അവൾ ഒരുത്തിമാത്രമെ സ്കൂൾപരീക്ഷ ജയിച്ചു കാളേജിൽ പോകുന്നതായിട്ടുള്ളു. അവൾ നല്ല സൗന്ദര്യമുള്ള കുട്ടിയാണു്. പതിനേഴോ പതിനെട്ടോ വയസ്സായിട്ടുണ്ടു്. അവൾക്കു് ഒട്ടനവധി സ്നേഹിതന്മാരുണ്ടെന്നും അവർതമ്മിൽ എഴുത്തുകളയക്കാറു

ണ്ടെന്നും വാലിയക്കാരിയിൽനിന്ന് അറിവാൻ എനിക്കു സംഗതി ആയിട്ടുണ്ട്. നിങ്ങൾ വിശദമാക്കുന്നതരത്തിൽ ഉള്ള ലററർപേപ്പർ ഇയ്യിടെ അവർ വാങ്ങിയെന്നും വാലിയക്കാരിയിൽനിന്നു ഞാൻ മനസ്സിലാക്കി.

ഈ ലക്ഷ്യങ്ങൾക്കൊന്നിനും പൂർണ്ണബലമില്ലെങ്കിലും ശിശിരനു മറെറാരുലക്ഷ്യവും ഇന്ദ്രിയവിഷയമാകാതിരുന്നതുകൊണ്ട് ഇവയെത്തന്നെ അനുഗമിപ്പാനുറച്ചു. ഗൃഹനായകൻെറ പേരും വിലാസവും ഗ്രഹിച്ചുകൊണ്ടു ശിശിരൻ അവിടെനിന്നു യാത്ര പുറപ്പെട്ടു. രസമണിയുടെ ത്രാണിയിൽ പൂർണ്ണവിശ്വാസമില്ലാതെ വരികയുംചെയ്തു.

ശിശിരൻ വീട്ടിലെത്തിയപ്പോൾ വളരെ വൈകിയിരുന്നു. അമ്മയുടെ ശകാരം കണക്കിനു കുറെ കിട്ടി. അതിവേഗത്തിൽ കുറെ ഏതാണ്ടെല്ലാം വാരിത്തിന്ന് അത്താഴം ഉണ്ടു എന്നുവരുത്തി. ഉറങ്ങുവാൻ സാദ്ധ്യമല്ലാത്തവണ്ണം അയാൾ അത്ര വികാരജടിലനായിരുന്നതുകൊണ്ടു വീണ്ടും വീട്ടിൽനിന്നും പുറത്തേക്കുതിരിച്ചു. നിർദ്ദിഷ്ടഗൃഹം എളുപ്പത്തിൽ കണ്ടെത്തി. ആ വീട് അശേഷവും അവസ്ഥകുറഞ്ഞതല്ലായിരുന്നു. പുറത്തുള്ള മുറി ഉചിതോപകരണങ്ങൾകൊണ്ടു സമഗ്രമായിരുന്നു. ഒരു ആതിഥ്യമുറിക്കുള്ള ലക്ഷണങ്ങൾ അതിനുണ്ട്. ദാരിദ്ര്യം ആ കുടുംബത്തെ ബാധിച്ചിട്ടില്ലെന്നു വ്യക്തമാകുന്നുണ്ട്. അതിൽ അധുനാതനമായ അഭിരുചി വിളങ്ങിക്കാണുന്നുമുണ്ട്. ഒരു ചെറിയ പെൺകുട്ടിയും അതിൽ അല്പം പ്രായംക്രടിയ ഒരു ആൺകുട്ടിയും അവിടെ ഒരദ്ധ്യാപകൻെറ മേൽനോട്ടത്തിൽ പഠിച്ചുകൊണ്ടിരിക്കുന്നു.

ശിശിരൻ അല്പംനേരം ഇങ്ങനെ നിന്നതിനുശേഷം അവിടെനിന്നു മാറി. വളരെനേരം എത്തിനോക്കിക്കൊണ്ടു നില്ക്കുന്നതു കുറച്ചിലെന്നു തോന്നി. ഈ വീട്ടിലുള്ളവരുമായി പരിചയപ്പെടുവാനുള്ള മാർഗ്ഗങ്ങളാലോചിച്ചുതുടങ്ങി. വീട്ടിലേയ്ക്കു മടങ്ങുവാനുള്ള മോഹം അശേഷവുമില്ലാതായി. ഗത്യന്തരമൊന്നുമില്ലെന്നുകണ്ടു വീട്ടിലേയ്ക്കുതന്നെ തിരിച്ചു. ശയ്യാമുറിയിലേക്കു നേരേ നടന്നു.

ഉറങ്ങുക സാദ്ധ്യമല്ല. അപ്രായോഗികരീതിയിൽ പല ആസൂത്രണങ്ങളും മനസ്സുകൊണ്ടു ചെയ്തു. മനസ്സിൽ ഇനി ഏടമില്ല. ഇവയിൽ പലതുമുപേക്ഷിച്ച് ഒടുവിൽ അത്യന്തക്ഷീണനായി നിദ്രാനിഷേവിതനായി. പ്രഭാതത്തിൽ ഉണന്നു. അപ്പോൾ മനുഷ്യസാധാരണമായ ബുദ്ധി

അയാളിൽ പ്രത്യക്ഷമായി. പണ്ടുപണ്ടെ സ്വസമുദായത്തിൽ ഉണ്ടായിരുന്ന നടപ്പിനെ സ്വീകരിക്കതന്നെ എന്നുറച്ചു. ആപ്പീസിൽപോയി മുമ്പേറായി ശമ്പളമിനത്തിൽ കുറെപ്പണം വാങ്ങി. വലിയ ബുദ്ധിമുട്ടുകൾ വന്നിട്ടും ഇങ്ങനെ ഒരു കൎമ്മം അയാൾ ചെയ്തിട്ടില്ല. അവിടെനിന്നും തിരിച്ചു പോന്ന ഉടനെ രസമണിയുടെ വീട്ടിലെത്തി. അവളെ വിവാഹനിശ്ചയത്തിനുള്ള ദൗത്യമേല്പിച്ചു. പ്രതിഫലമായി പത്തുരൂപയും കൊടുത്തു.

സംഗതികളെല്ലാം മുന്നോട്ടുകടന്നു. മകന്റെ ഈ സ്വാതന്ത്ര്യം കണ്ടിട്ട് അച്ഛനമ്മമാരും അല്പം സങ്കടപ്പെട്ടു. അയാൾ പ്രായപൂൎത്തിവന്നവനാണ്, കുടുംബസംരക്ഷണം നടത്തുവാനാണ് എന്നീ കാരണങ്ങളാൽ അവർ മകന്റെ ഈ കൃത്യത്തെ അനുസരിച്ചു. അവൻ വിവാഹം ചെയ്യുന്നല്ലോ എന്നുള്ളതിൽ സന്തോഷവുമുണ്ട്. രസമണിക്കു കണക്കുതീൎത്തു തുകയെല്ലാം കൊടുത്തു. പെണ്ണിനെക്കാണുവാൻ പോകാനുമുറച്ചു. ശിശിരന്റെ മാതാപിതാക്കന്മാരും മിഹിരനും വധൂഗൃഹത്തിലേക്കു പോകുവാനുറച്ചു. ശിശിരനെമാത്രം ഇതിൽനിന്നൊഴിവാക്കി.

മിഹിരൻ തിരിച്ചുവന്നു സഹോദരനോട് ഇങ്ങനെപറഞ്ഞു:— ഒരു നല്ല പെൺകുട്ടിയാണ്, ചേട്ടാ. അങ്ങയുടെ ഭാഗ്യംകൊണ്ട് അവളെ ലഭിക്കാനിടയായി.

അവൾ ഒരു നല്ലകുട്ടിയാണെന്നു ശിശിരൻ മുമ്പേതന്നെ അറിഞ്ഞിട്ടുണ്ട്. എങ്കിലും അവളുടെ നിറം, വയസ്സ്, സ്വഭാവം എന്നിവ അറിവാൻ ഉത്സുകനായിരുന്നു. പക്ഷെ ഇതെല്ലാം ഇളയസഹോദരനോടെങ്ങനെ ചോദിക്കും? അഭിമാനസംരക്ഷണം അനുപേക്ഷണീയമാകകൊണ്ടു മൗനംതന്നെ ഉത്തമമെന്നുറച്ചു. അല്പം ചില സൂചനകളാൽ കുട്ടിയെഒന്നു തനിക്കും കണ്ടാൽ കൊള്ളാമെന്നും ശിശിരൻ അമ്മയെ ധരിപ്പിച്ചു. വൃദ്ധജനങ്ങൾ ലൗകികവശങ്ങളെ ഗാഢമായി പിടിക്കുന്നവരാണല്ലോ.

ചോദിക്കാതെതന്നെ പല സംഗതികളും മിഹിരൻ പറഞ്ഞുതുടങ്ങി. ആ കുട്ടി നല്ല വിദ്യാഭ്യാസമുള്ളവളാണ്. സാഹിത്യത്തിൽ നല്ല അഭിരുചിയുമുണ്ട്. നല്ല സംസ്കാരവും സിദ്ധിച്ചിട്ടുണ്ട്. അവൾക്കു പാടാം, ആടാം, എന്തിനു ചുരുക്കത്തിൽ അവൾ ഒരപൂൎവ്വസാധനമാണ്.

ശിശിരൻ വധൂഗൃഹം സന്ദൎശിക്കുന്നതിനുള്ള ദിവസം ഇതാ സന്നിഹിതമായി. ഉണൎന്നമാത്രയിൽതന്നെ ആ ദിവസത്തിനു പ്രത്യേക മഹത്വമുണ്ടെന്ന് അയാൾക്കു തോന്നി. പ്രാചിയുടെ മുഖം നന്നെ തുടുത്തിരി

കുന്നു. അതിന് ഒരു റോസാപ്പൂവിൻെറ ഛായയുണ്ടെന്നു ശിശിരനുതോന്നി. ഇന്നാണ് അയാളുടെ വിവാഹദിവസം. പക്ഷികളുടെ കളകൂജനം, സുരഭിലമായ പ്രഭാതവാതം, അരുണമായ കിരണജാലം, ഇവയെല്ലാം അയാൾക്കു പ്രത്യേകമായുണ്ടായതാണെന്നുതോന്നി.

മിഹിരൻ താഴോട്ട് ഇറങ്ങി. ശിശിരൻ ചായ ഉണ്ടാക്കുവാൻ വേണ്ട ശ്രമംതുടങ്ങി. ഒന്നോ രണ്ടോ സ്നേഹിതന്മാരെക്കൂടെ അവനൊന്നിച്ചു കൊണ്ടുപോകണമെന്നുറച്ചു. അല്ലെങ്കിൽ അതു് ആക്ഷേപമെന്നുറച്ചു.

ഉടനെ മിഹിരൻ അല്പം പരിഭ്രാന്തനായി മുകളിലേക്കു കയറിവന്നു. "നോക്കു കാര്യത്തിൻെറ വാമമായ ഗതി. ആരംഭം മുതൽക്കുതന്നെ എന്തോ തകരാറുണ്ടെന്നു എനിക്കു തോന്നി. ഇങ്ങനെ ഒരു അത്ഭുത കഥ ഉണ്ടായിട്ടുള്ളതായി കേട്ടുകേൾവിപോലുമില്ല.

ശിശിരൻ കണ്ഠിതത്തോടെ "എന്തുപററി" മിഹിരൻ ഒരു മാസികയും കൊണ്ടാണു വന്നിരിക്കുന്നതു്. അവൻ അതു തുറന്നു ജ്യേഷ്ഠനെ ഒരു വശം ചൂണ്ടിക്കാണിച്ചു "ഇതു നോക്കു" എന്നു പറഞ്ഞു.

ശിശിരൻ വായിച്ചുനോക്കി. അതു് ഒരു കഥയാണു്. ഒന്നാമത്തെ എഴുത്തു നല്ല പരിചയം വന്നതുതന്നെ. പൂരവി ചവററു കൊട്ടയിൽ നിന്നു എടുത്തുകൊണ്ടുവന്ന എഴുത്തു തന്നെ.

കഥാകർത്തൃണിയുടെ പേരു "ശ്രീമതി ഉഷാറാണിദാസു്" എന്നായിരുന്നു.

ശിശിരൻ സാലഭഞ്ജികപോലെ അവിടെ ഇരുന്നു.

മിഹിരൻ:— ജേഷ്ഠൻ നല്ലപോലെ അന്വേഷിച്ചിട്ടു വേണ്ടതായിരുന്നു ഈ ചാട്ടം. ആ എഴുത്തു കഥയുടെ ഒരു ഭാഗം മാത്രമാണു്.

ശിശിരൻ മൗനമായിത്തന്നെ ഇരുന്നു. ഒരു മുഹൂർത്തത്തിനു മുമ്പു് അയാൾ മനോരാജ്യത്തിൽ പണികഴിപ്പിച്ച സൗധം ഇടിഞ്ഞുപൊളിഞ്ഞു തലയിൽ വീണിരിക്കുന്നു. മൃഗതൃഷ്ണ ഫലശൂന്യമായ ഒരു മരുൽപ്രദേശത്തേക്കവനെ നയിച്ചു. അതിൽ നിന്നവനെങ്ങനെ മോചനം നേടും.

മിഹിരൻ:— ഇന്നത്തെ സന്ദർശനത്തെക്കുറിച്ചു് എന്തുറച്ചു. ഒന്നു നീട്ടാൻ ശ്രമിച്ചാലോ? അപ്പോൾ നമുക്കു നല്ലപോലെ ചിന്തിപ്പാനിടകിട്ടും.

ശിശിരൻെറ മനോവീക്ഷണത്തിനു ഗൂഢവും സുന്ദരവുമായ വസ്തു ദൃശ്യമായി. അതു ബുദ്ധിപൂർവ്വകമായ പ്രകാശവും സൗന്ദര്യവുമുള്ളതായി

രുന്നു. അതിന്റെ അധരപുടങ്ങളിൽനിന്നു മനോഹരഗാനസ്വരം വിഗളിതമായി. ആ സുന്ദരരൂപം അവന്റെ മുമ്പിൽ നൎത്തനം ചെയ്തു.

ശിശിരൻ:— ഏയി, പാടില്ല, അതങ്ങനെ തന്നെ ആകട്ടെ. നാം അവരോടു വാക്കു പറഞ്ഞില്ലല്ലൊ.

യാതൊരു കാരണവശാലും കഥപോലെ കാൎയ്യം പൎയ്യവസാനിക്കരുതു്.

# * ഇന്ത്യയിലെ നദികൾ.

(ടി. സുധാകരമേനോൻ എം. എസ്സ്. സി.)

1938 ജനുവരി പത്താം തീയതി കൽക്കട്ട സൎവ്വകലാശാലയിലെ സെനററ്ഹാളിൽ വെച്ചു് ഇന്ത്യൻസയൻസ്കോൺഗ്രസ്സിന്റേയും നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസ്സിന്റേയും ഇന്ത്യൻ ഫിസിക്കൽ സൊസൈററിയുടേയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഒരു വാദപ്രതിവാദത്തിന്റെ ചില പ്രധാനഭാഗങ്ങളെയാണു് ചുവടെ ചേക്കുന്നതു്.

പ്രൊഫസർ എം. എൻ. സഹാ ഇപ്രകാരം പ്രസ്താവിച്ചു:—

അതിപുരാതനകാലം മുതല്ക്കേ ഇന്ത്യയിലെ നദികൾ പ്രധാനഗതാഗതമാൎഗ്ഗങ്ങളായിത്തീൎന്നിട്ടുണ്ടു്. ചരിത്രപ്രധാനങ്ങളായ മിക്ക നഗരങ്ങളും സ്ഥിതിചെയ്യുന്നതു നദീതീരങ്ങളിലാണു്. ആദിമനിവാസികളുടെ പ്രധാന ഉപജീവനമാൎഗ്ഗം കൃഷി ആയിരുന്നതിനാൽ, ഗതാഗതമാൎഗ്ഗങ്ങളെന്ന നിലയ്ക്കു നദികൾ അതീവ ഉപകാരപ്രദങ്ങളായിത്തീൎന്നു. മററു രാജ്യങ്ങളിലെന്നപോലെതന്നെ, ഇന്ത്യയിലും, അതിപുരാതനകാലം മുതല്ക്കേ നദികൾ ഗതാഗതത്തിന്നും ജലസേചനത്തിന്നും ഉപകരിച്ചിട്ടുണ്ടു്. ഇവിടെ രാജ്യം വളരെ വലുതാകയാൽ, എല്ലാത്തരം ജലസേചനസമ്പ്രദായങ്ങളും നടപ്പിലിരുന്നിരുന്നു. വെള്ളപ്പൊക്കക്കാലങ്ങളിൽ തോടുകൾ വഴി

* 1938 ജൂണിലെ "മോഡേൺറവ്യൂ"വിൽനിന്നു്.

യായുള്ള ജലസേചനം പഞ്ചാബിലും സിന്ധിയിലും ഉണ്ടായിരുന്നു; കുളങ്ങൾ കെട്ടിനിൎത്തീട്ടുള്ള ജലസേചനമായിരുന്നു ഡെക്കാൻ പീഠഭൂമിയിൽ; ഗംഗാതീരത്തിലും മററും എന്നും ജലസേചനമുണ്ടായിരുന്നു. ഇന്ത്യയിലെ പുരാതനരാജാക്കന്മാർ ജലസേചനവിഷയത്തിൽ ബദ്ധശ്രദ്ധരായിരുന്നു. ഇങ്ങനെ നദികളുടെ ഉപയോഗം ജലസേചനവും ഗതാഗതവുമായിരുന്നു. എന്നാൽ 1857-ൽ തീവണ്ടി നടപ്പായതോടുകൂടി, ഗതാഗതം അധഃപതിച്ചു വരികയാണ്. കഴിഞ്ഞ ഒരു ശതാബ്ദത്തിനിടയ്ക്കു നദികളുടെ സ്ഥാനത്തു് ഗതാഗതത്തിനു തീവണ്ടികൾ വന്നുചേൎന്നിരിക്കുന്നു. തീവണ്ടിപ്പാതകളുടെ രക്ഷയ്ക്കു നദികളെ സംരക്ഷിക്കുന്നില്ല. ഇതിൻെറ അനന്തരഫലമായി ബെങ്കാളിലും ഒറീസ്സയിലും നദികളിൽ ശരിയായ ഒഴുക്കില്ലാതായിത്തീരുകയും ചളിപ്രദേശങ്ങളും മലമ്പനിക്ക് അനുകൂലമായ പരിതസ്ഥിതികളും ഉണ്ടാകുകയും ഗ്രാമീണൎക്ക് വലിയ നാശങ്ങൾ സംഭവിക്കുകയും ചെയ്തിരിക്കുന്നു. ശരിയായ നിയന്ത്രണംകൊണ്ടു് ഈ വക ദോഷങ്ങളെ പരിഹരിക്കാവുന്നതാണ്. എന്നാൽ മിക്കയിടങ്ങളിലും തീവണ്ടിപ്പാതകളുടെ പ്രചരണത്തിന്നുവേണ്ടി ഗ്രാമീണരുടെ സൗകൎയ്യങ്ങളെ ബലികഴിക്കുകയാണു ചെയ്തുവരുന്നതു്.

ഒരു ശരിയായ പ്ലാനിങ്ങിൻെറ അഭാവത്താലുള്ള ദോഷങ്ങളെയാണു ബങ്കാളിൽ ഗംഗയുടേയും ബ്രഹ്മപുത്രയുടേയും മുക്കോൺതുരുത്തുകളിലും ഒറീസ്സയിൽ മഹാനദിയുടെ മുക്കോൺതുരുത്തിലും കണ്ടുവരുന്നതു്. 1859-ൽ ഈസ്റ്റ് ഇന്ത്യൻറയിൽവേ നടപ്പിൽ വന്നതോടുകൂടി, ബെങ്കാളിൽ ബർദ്വാൻ ഡിവിഷനിലെ ജലമാൎഗ്ഗങ്ങൾ ഉപയോഗശൂന്യങ്ങളായിത്തീൎന്നുവെന്ന് ഇന്നു് ഔദ്യോഗികലോകംതന്നെ സമ്മതിച്ചിരിക്കുന്നു. ഒന്നരകോടി ഉറുപ്പിക ചിലവ് അടങ്കൽ തയ്യാറാക്കി സാറ എന്ന പ്രദേശത്തു ഗംഗാനദിക്കു ഹാർഡിഞ്ച് പാലം പണികഴിപ്പിച്ചിരിക്കുന്നതും ദോഷകരമായിട്ടുണ്ടു്. ഉദ്ദേശം ഇരുപത്തഞ്ചു വൎഷങ്ങൾക്കുമുമ്പ് അതു പണിതു കഴിഞ്ഞപ്പോൾ ചിലവ് ഏകദേശം നാലരകോടി ഉറുപ്പികയായിരുന്നു. എന്നാൽ ഇത്ര വളരെ പണം ചിലവുചെയ്തിട്ടും ഈ പാലം അപായകരമായ സ്ഥിതിയിലാണു നില്ക്കുന്നതു്. ഈ പാലത്തെ നശിപ്പിക്കുവാൻ ഗംഗാനദി പലപ്പോഴും ശ്രമിച്ചിട്ടുണ്ടു്. നദിയുടെ ആക്രമണത്തിൽനിന്നു രക്ഷനേടുവാൻ ഇന്ത്യാഗവൎമ്മെണ്ടിനു പലതവണയായി അനവധി കോടി ഉറുപ്പിക ചിലവുചെയ്യേണ്ടിവന്നിട്ടുണ്ടു്; ഇനിയും അപകടനില വിട്ടിട്ടില്ല. ഉദ്ദേശം നാല്പതുവൎഷങ്ങൾക്കു മുമ്പ് സർ. എഫ്. സ്പ്രിങ്ങ് എന്ന എഞ്ചിനീയർ ഈ നദി

യെ പരിശോധിക്കുകയും ഇന്ത്യയിലെ നദികളെക്കുറിച്ച് ശരിയായി പഠിക്കുവാൻ വളരെകാലം വേണ്ടിവരുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. അമേസ്സോൺ കഴിഞ്ഞാൽ പിന്നെ ഏററവും കൂടുതൽ വെള്ളം വഹിക്കുന്ന നദികൾ ഗംഗയും ബ്രഹ്മപുത്രയുമാകുന്നു. ഗംഗയുടെ ജലപ്രവാഹം തെംസിനേക്കാൾ വളരെയധികം കൂടുതലാണെന്നും നയിലിനേക്കാൾ ഏഴിരട്ടി കൂടുതലാണെന്നും സൌത്ത് പാസ്സിനടുത്തുള്ള മിസ്സിസ്സിപ്പിയേക്കാൾ കൂടുതലാണെന്നും സ്പ്രിങ് രേഖപ്പെടുത്തിട്ടുണ്ട്. ബ്രഹ്മപുത്രയിലേതു് ഇതിനേക്കാൾ ഒന്നരഇരട്ടിയാണ്. നദീശാസ്ത്രത്തെക്കുറിച്ച് പഠിക്കുവാൻ ഒരു ഗവേഷണശാല ഏപ്പെടുത്തേണമെന്നും, അവിടെ വെച്ച് ഇന്ത്യയിലെ നദികളെക്കുറിച്ചു കൂലംകഷമായി പഠിക്കേണമെന്നും, പാലം പണിയുക, തോടുണ്ടാക്കുക, വെള്ളപ്പൊക്കം നിമിത്തമുള്ള നാശങ്ങളെ പരിഹരിക്കുക മുതലായ പദ്ധതികളെക്കുറിച്ചു ഗവേഷകന്മാർ പരിചിന്തനം ചെയ്യേണമെന്നും, 1903-ൽ സ്പ്രിങ് അഭിപ്രായപ്പെടുകയുണ്ടായി.

എന്നാൽ സർ. എഫ്. സ്റ്റിങ്, മി: റിക്കിസ് മുതലായവരുടെ വിലയേറിയ അഭിപ്രായങ്ങളെ വിഗണിച്ച്, ഇന്ത്യയിലെ കേന്ദ്രഗവർമ്മേണ്ടോ പ്രാദേശികഗവർമ്മേണ്ടുകളോ നദീശാസ്ത്രഗവേഷണശാലകളെ സ്ഥാപിക്കുവാൻ തുനിഞ്ഞില്ല. എന്നാൽ പഞ്ചാബ് ഗവർമ്മേണ്ടുമാത്രം ഇത്തരം ഒരു ഗവേഷണശാല സ്ഥാപിച്ചിട്ടുണ്ട്. ജലസേചനമുണ്ടായിരുന്ന വളരെ പ്രദേശങ്ങളിൽ ലവണാക്രമണമുണ്ടായപ്പോൾ മാത്രമേ അവിടേയും ഗവർമ്മേണ്ടിന്റെ മനസ്ഥിതി വ്യത്യാസപ്പെടുകയുണ്ടായുള്ളു; എഞ്ചിനീയർമാർ ഈ വസ്തുതയെ മനസ്സിലാക്കി പരിഭ്രാന്തചിത്തരായപ്പോൾ, 1927-ൽ ലാഹോറിലെ ഗവർമ്മേണ്ടുകാളേജിലെ ഫിസിക്കൽകെമിസ്ട്രി പ്രൊഫസറായിരുന്ന ഡോക്ടർ വിൽസ്ഡൺ മുതലായ ശാസ്ത്രജ്ഞന്മാർ രംഗപ്രവേശംചെയ്തു. ഡോക്ടർവിൽസ്ഡണും അദ്ദേഹത്തിന്റെ അനന്തരഗാമിയായ മി: മക്കെൻസിടെയ്ലറും ഇതു വളരെ പ്രയാസമേറിയ ഒരു സംഗതിയാണെന്നു മനസ്സിലാക്കുകയും വിവിധശാസ്ത്രജ്ഞന്മാരുടെ സഹായസഹകരണങ്ങളെ അപേക്ഷിക്കുകയും ചെയ്തു. ഇങ്ങിനെ പഞ്ചാബിലെ ഈ ഗവേഷണശാല പഞ്ചാബ് ഇറിഗേഷൻ റിസെർച്ച് ലബോറട്ടറി—ക്രമവൃദ്ധമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ട്. പൂനയിലും മി: ഇൻഗ്ലിസ്സിന്റെ മേൽനോട്ടത്തിൽ ഒരു ചെറിയ ഗവേഷണശാല സ്ഥാപിച്ചിരിക്കുന്നു. എന്നാൽ ഇന്ത്യ ഒരു വിശാലമായ രാജ്യമാണ്; ഇവിടത്തെ വിസ്തീർണ്ണവും ജനസംഖ്യയും റഷ്യ കൂടാതെയുള്ള യൂറോപ്പിനോളമുണ്ട്, അവിടെ ഉള്ളേടത്തോളംതന്നെ നദികൾ ഇവിടേയും ഉണ്ട്, അവിടത്തെ സ്ഥിതിഗതി

കൾതന്നെയാണ് ഇവിടേയുമുള്ളത്. അതിനാൽ ഒന്നോ രണ്ടോ ഗവേഷണശാലകൾമാത്രം ഇത്ര വിശാലമായ ഒരു രാജ്യത്തിന്നു മതിയാകുന്നതല്ല. ഗംഗാനദിയും ബ്രഹ്മപുത്രാനദിയും സ്ഥിതിചെയ്യുന്ന ബീഹാറിലും ബങ്കാളിലും ആസ്സാമിലും—നദികളാൽ നിറയപ്പെട്ടതും, നദികളാൽ ആക്രമിക്കപ്പെട്ടുന്ന നഗരങ്ങളും, ഗ്രാമങ്ങളും ധാരാളമുള്ളതും, ചെളിപ്രദേശങ്ങളുടെ ആധിക്യംനിമിത്തം മലമ്പനിയുടെ ഇരിപ്പിടവുമായ ഈ പ്രദേശങ്ങളിൽ—ഇത്തരം ഗവേഷണശാലകൾ അവശ്യം ആവശ്യമാണ്. വലിയകൽക്കട്ടാനഗരത്തിന്റെ സ്ഥിതിതന്നെ പരിതാപകരമാണ്. ഒരു തുറമുഖമെന്നനിലയ്ക്കു കൽക്കട്ടയിലെ ഹൂഗ്ലിനദിക്കു ഗംഗയിൽനിന്നു വേണ്ടിടത്തോളം വെള്ളം കിട്ടുന്നില്ല; എന്നാൽ ബങ്കാൾഉൾക്കടലിലെ വെള്ളം മാസംതോറും ഈരണ്ടുപ്രാവശ്യം ഹൂഗ്ലിയിൽ അടിച്ചുകയറുന്നതായാൽ, നദിയിലെ ചളി അവിടെവന്നു കൂട്ടുന്നു. ഇങ്ങിനെതന്നെ തുടരുന്നപക്ഷം, അടുത്തഭാവിയിൽ കൽക്കട്ടയിൽ കപ്പലുകൾ വരുന്നകാര്യം അമാന്തത്തിലാകും. ക്രി. മു. 500 മുതൽ ക്രിസ്ത്വാബ്ദം 500 വരെ തുറമുഖമായിരുന്ന പാടലീപുത്രം, ക്രി. മു. 500 മുതൽ ക്രിസ്ത്വാബ്ദം 1575 വരെ ഗൌർ, താമ്രലിപ്തി മുതലായവയുടെ അനുഭവംതന്നെ കൽക്കട്ടയ്ക്കും ഉണ്ടായേക്കാം. കഴിഞ്ഞ നൂറുവർഷങ്ങളായി കൽക്കട്ടയുടെ നിരപ്പു താഴ്ന്നുവരികയാണ്, ഉദ്ദേശം രണ്ടുമുതൽ നാലടിവരെ താഴ്ന്നിട്ടുണ്ട്. ഇതും കൽക്കട്ടയ്ക്കു ഹാനികരമാകുന്നു. ആയിരംമൈയിൽ അകലെ സ്ഥിതിചെയ്യുന്ന പൂനയിലോ ഡെൽഹിയിലോ ഒരു പ്രധാന ഗവേഷണശാല സ്ഥാപിച്ചാൽമതിയെന്നു ചിലൎക്ക് അഭിപ്രായമുണ്ട്. എന്നാൽ ഇതു തീരെ ബുദ്ധിപൂൎവ്വമല്ലെന്നും അതാതുസ്ഥലങ്ങളിൽ ഗവേഷണശാലകൾ സ്ഥാപിക്കേണമെന്നുമാണ് എന്റെ അഭിപ്രായം. ഇന്ത്യയിലെ വിവിധപ്രദേശങ്ങളിലുള്ള വിവിധപരിതസ്ഥിതികളെ ഗവേഷകന്മാർ അവശ്യം അറിഞ്ഞിരിക്കണം. ആയിരം മൈൽ അകലെ ഒരു ഗവേഷണശാല സ്ഥാപിച്ചതുകൊണ്ട് യാതൊരു ഫലവുമില്ല. അതിനാൽ പഞ്ചാബിൽ ഒന്നും, ഐക്യസംസ്ഥാനത്തിലും ബീഹാറിലുംകൂടി ഒന്നും, ബംഗാളിലും ആസ്സാമിലും ഒറീസ്സയിലും കൂടി ഒന്നും, തെക്കെ ഇന്ത്യയിൽ രണ്ടും നദീശാസ്ത്രഗവേഷണശാലകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു..................................

ജിയോളോജിക്കൽ സൎവ്വെ ഓഫ് ഇൻന്ത്യയിലെ മി. ഡി. എൻ. വാഡിയ ഇങ്ങനെ പ്രസ്താവിച്ചു:—

അനവധി കാലങ്ങൾക്കു മുമ്പു വിന്ധ്യാപൎവ്വതത്തിന്റെ വടക്കുഭാഗത്തായി ഒരു വലിയ നദിയുണ്ടായിരുന്നു. അതിനെ പാസ്ക്കൊ "ഇൻ

ഡോബ്രഹ്മ്” എന്നും പിൻഗ്രിം “ശിവാലിക്‌നദി” എന്നും നാമകരണം ചെയ്തിരിക്കുന്നു. ഇന്നത്തെ സിന്ധുവിൻെറയും ഗംഗയുടേയും ബ്രഹ്മപുത്രിയുടേയും പൂർവ്വപിതാവായിരുന്ന ഈ നദി. ഈ നദി കിഴക്കെ ആസ്സാമിൽ നിന്നുത്ഭവിച്ചു പഞ്ചാബിനേയും സിന്ധിനേയും തരണംചെയ്തു അറബിക്കടലിൽ പതിച്ചിരുന്നു. പിന്നീടു ചില പർവ്വതനിർമ്മാണചലനങ്ങൾനിമിത്തം സിന്ധുവും ഗംഗയും ബ്രഹ്മപുത്രയും പ്രത്യേകമായിത്തീൻു. രാവൽ പിണ്ടിജില്ലയിലുള്ള സോൺനദി ഇൻഡോബ്രഹ്മിൻെറ ഒരു അവശിഷ്ടമാകുന്നു. ചരിത്രകാലങ്ങളിലും, നദികൾക്കു വളരെ വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. വേദങ്ങളിൽ സുപ്രസിദ്ധമായ സരസ്വതീനദി, കിഴക്കെപഞ്ചാബിൽകൂടി കടലിലേയ്ക്കു് ഒഴുകിയിരുന്ന ഒരു വലിയ നദിയായിരുന്നു; സിംലയ്ക്കടുത്തു് ഉത്ഭവിച്ചു മരുപ്രദേശങ്ങളിൽപ്പെട്ടു നശിച്ചുപോകുന്നതായി ഇന്നു കാണുന്ന ഒരു ചെറിയ നദി ഇതിൻെറ അവശിഷ്ടമാകുന്നു. ഒരുപക്ഷെ യമുന അതിൽ പതിച്ചിരുന്നിരിക്കാം. യമുനാനദി ഗതിക്കു വ്യത്യാസംവന്നു് അതു ഗംഗയോടു ചേൻതായിരിക്കാം സരസ്വതിയെ അധഃപതിപ്പിച്ചതു്. ചരിത്രകാലങ്ങളിൽ, ഒരുപക്ഷെ പുരാതനസരസ്വതിയുടെ ഒരു തുടൎച്ചയായിരുന്നിരിക്കാൻ വഴിയുള്ള ഹക്രാനദി അഥവാ മഹാമിഹിരൻ, സത്‌ലെജിനെ ഒരു ഉപനദിയായി സ്വീകരിച്ചു സിന്ധുവിൻെറ മാൎഗ്ഗത്തിനൊപ്പംതന്നെ ഒഴുകി കച്ചുൾക്കടലിൽ പതിച്ചിരുന്നു. ഈ നദി നാമാവശേഷമായിത്തീൎന്നതു പന്ത്രണ്ടാംശതാബ്ദത്തിന്നും പതിമ്മൂന്നാംശതാബ്ദത്തിന്നും മദ്ധ്യേയായിരുന്നുവെന്നാണു് സി. എഫ്. ഓൾഡ്ഹാമിൻെറ അഭിപ്രായം. വെള്ളപ്പൊക്കങ്ങളിൽ ചെളിവന്നു നിറയുന്നതുനിമിത്തം ബിയാസ് മുതലായ പഞ്ചാബ്‌നദികളുടെ ഗതികൾക്കു ഗണ്യമായ വ്യത്യാസങ്ങൾ വന്നിട്ടുണ്ട്.

കിഴക്കുഭാഗത്തു്, ഹിമാലയൻ നദികൾക്കു മററുനദികളെ പിടിച്ചടക്കുവാൻ ഒരു പ്രത്യേക സാമൎത്ഥ്യമുണ്ട്. ബ്രഹ്മപുത്ര ആദികാലങ്ങളിൽ ഒരു ചെറിയ നദിയായിരുന്നുവെന്നും തിബെത്തിലെ സാങ്‌പോവുമായി അതിന്നു ബന്ധമുണ്ടായിരുന്നില്ലെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു. ഈ നദി പതിച്ചിരുന്നതു സാൽവീനിലോ പശ്ചിമചൈനയിലെ ഏതോ തടാകത്തിലോ ആയിരുന്നു. എന്നാൽ ദിഹാങ് എന്ന ഉപനദി സാങ്‌പോവിനെ കരസ്ഥമാക്കിയപ്പോൾ, ബ്രഹ്മപുത്ര ഇന്നത്തെപ്പോലെ ഒരു വലിയ നദിയായിത്തീൎന്നു. ഇത്തരം ശക്തികൾ ഇന്നും നിലവിലിരിക്കുന്നുണ്ട്. ഹിമാലയത്തിൽനിന്നുത്ഭവിച്ചു വടക്കെ ബീഹാറിൽകൂടി ഒഴുകി പാററ്നയ്ക്കു സമീപംവെച്ചു ഗംഗയിൽചേരുന്ന ഗണ്ഡക്‌നദിയുടെ ഒരു പോഷകനദിയു

യ കാളീഗണ്ഡക്നദിയുടെ ഉത്ഭവസ്ഥാനം സാങ്ങ്പോവിന്നു സമീപത്താണെന്നും, കുറെക്കാലങ്ങൾക്കുള്ളിൽ സാങ്ങ്പോനദി അതിനെ പിടിച്ചടക്കണമെന്നും, സെപൻഹെഡിൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതു് കൃത്രിമമായി എഞ്ചിനീയർമാൎക്കു സാധിപ്പിക്കാമെന്നും അതിന്നു വലിയ ധനവ്യയം വേണ്ടെന്നു സെപൻഹെഡിന്നു് അഭിപ്രായമുണ്ടു്. ഇങ്ങിനെ ബ്രഹ്മപുത്രയെ ഗണ്ഡക്‌വഴിയായി ബീഹാറിൽകൂടി കൊണ്ടുവരുവാൻ കഴിയും. ബെങ്കാളിലെ മണ്ണു വളരെ മൃദുവാകയാൽ, നദികൾക്കു കൂടെക്കൂടെ വ്യത്യാസങ്ങൾ വരുന്നുണ്ടു്; അതിനാൽ മേജർറെന്നൽ 1786-ൽ ഉണ്ടാക്കിയ ഭൂപടത്തിൽനിന്നും വളരെ വ്യത്യസ്തമായതാകുന്നു ഇന്നത്തെ ബങ്കാളിൻെറ ഭൂപടം.

സുവൊളോജിക്കൽ സൎവ്വെഓഫ് ഇന്ത്യയിലെ ഡോക്ടർ എസ്. എൽ. ഹോറ പ്രസ്താവിച്ചതു് ഇപ്രകാരമായിരുന്നു:—

ഭൂഗോളത്തിൻെറ മദ്ധ്യമപ്രായകാലത്തു് ഇന്ത്യയിലെ നദികളുടെ സ്ഥിതി എങ്ങിനെയായിരുന്നുവെന്നു കോട്ടയിലേയും മലേറിയിലേയും ഉപരിഗോണ്ടുവനപ്പാറകളിലെ മത്സ്യാവശിഷ്ടങ്ങൾ തെളിയിക്കുന്നുണ്ടു്. മദ്ധ്യസംസ്ഥാനത്തിൻെറ ഉത്തരഭാഗം മുഴുവൻ അന്നു സമുദ്രമായിരുന്നു. ഇങ്ങിനെ കുറെക്കാലം കഴിഞ്ഞശേഷമായിരുന്നു ഡെക്കാനിലെ വലിയ അഗ്നിപൎവ്വതക്ഷോഭമുണ്ടായതു്. ഈ അഗ്നിപൎവ്വതക്ഷോഭംനിമിത്തം പ്രവഹിച്ച ശിലാദ്രാവകംമൂലം മിക്ക നദികളുടേയും ഗതികൾക്കു ഗണ്യമായ വ്യത്യാസം സംഭവിച്ചു. എങ്കിലും അവയുടെ ആകപ്പാടെയുള്ള സ്ഥിതിക്കു വലിയ വ്യത്യാസമുണ്ടായില്ലെന്നു മദ്ധ്യസംസ്ഥാനത്തിൽനിന്നു കിട്ടിയ മത്സ്യാവശിഷ്ടങ്ങൾ തെളിയിക്കുന്നുണ്ടു്.

ഇന്നത്തെ മത്സ്യങ്ങളുടെ ഭൂമിശാസ്ത്രപരമായ വിതരണം നമുക്കു വളരെ വിജ്ഞാനപ്രദമായിരിക്കുന്നു. ഹിമാലയപൎവ്വതത്തെ സൃഷ്ടിച്ച പൎവ്വതനിൎമ്മാണചലനങ്ങൾ നദികളുടെ കിടപ്പിന്നു വളരെ വ്യത്യാസം വരുത്തി. പാസ്സ്കോ "ഇൻഡോബ്രഹ്മ്" എന്നും പിൽഗ്രിം "ശിവാലിക്‌നദി" എന്നും നാമകരണം ചെയ്തിട്ടുള്ള ഒരു വലിയ നദിയായിരുന്നു ഒന്നാമത്തെ പ്രധാനനദി. കിഴക്കുനിന്നു പടിഞ്ഞാട്ടേയ്ക്കു പ്രവഹിച്ചിരുന്ന ഈ നദിയായിരുന്നു സിന്ധുവിൻെറയും, ഗംഗയുടേയും, ബ്രഹ്മപുത്രയുടേയും മൂലം. അതിൻെറ ഉത്ഭവസ്ഥാനം ദക്ഷിണചൈനയിൽ ആയിരുന്നിരിക്കണം; ആധുനികമത്സ്യങ്ങളുടെ ചരിത്രവും ഈ അഭിപ്രായത്തെ സാധൂകരിക്കുന്നുണ്ടു്.

ചില പൎവ്വതനിൎമ്മാണചലനങ്ങൾ മൂലം "ഇൻഡോബ്രഹ്മ്" ബ്രഹ്മപുത്ര, ഗംഗ, സിന്ധു എന്നീ നദികളായി പരിണമിച്ചു. അതിനാൽ ഒ

ന്നായിക്കിടന്നിരുന്ന മത്സ്യങ്ങൾ പലേടങ്ങളിലായിത്തീൻ. ഈ മത്സ്യങ്ങളെക്കുറിച്ചു വിപുലമായി പഠിച്ചതിൻെറ ഫലമായി, ബ്രഹ്മപുത്രയായിരുന്ന ആദ്യം വേർതിരിഞ്ഞതെന്നും കുറേക്കാലത്തേയ്ക്കു് ഗംഗയും സിന്ധുവും ഒന്നുചേന്നായിരുന്നുവെന്നു നമുക്കു മനസ്സിലാക്കാം. ഗംഗയിലെയും സിന്ധുവിലെയും മത്സ്യങ്ങൾ ഒരേജാതിയിൽ പെട്ടവയാകുന്നു. അതിനാൽ ഈ രണ്ടു നദികളും വേർതിരിഞ്ഞതു് ഭൂഗർഭശാസ്ത്രദൃഷ്ട്യാ, അടുത്ത കാലത്തായിരുന്നുവെന്നൂഹിക്കാം. ചരിത്രകാലങ്ങളിൽ, ഇന്നു് ഗംഗയുടെ ഒരു പോഷകനദിയായ യമുന സെത്‌ലെജിൻെറ ഒരു പോഷകനദിയായിരുന്നുവെന്നുള്ളതും പ്രസ്താവയോഗ്യമാണു്.

ഇന്ത്യയിലെ ശുദ്ധജലമത്സ്യങ്ങളെക്കുറിച്ചു പഠിക്കുന്ന ഒരാൾക്കു് ഏററവും ആശ്ചര്യകരമായി തോന്നുന്നതെന്തെന്നാൽ, പൂർവഹിമാലയത്തിലും തെക്കെ ഇന്ത്യയിലെ കുന്നുകളിലും കണ്ടുവരുന്ന മത്സ്യങ്ങൾ ഒരേ ഇനത്തിൽ പെട്ടവയാണെന്നുള്ളതാണു്. ബ്രഹ്മപുത്ര ഇൻഡോബ്രഹ്മിൽനിന്നു വേർതിരിഞ്ഞപ്പോളുണ്ടായ ഭൂപ്രകൃതി വ്യത്യാസങ്ങളായിരിക്കാം ഇതിൻെറ കാരണം.

ഇന്ത്യയിലെ മത്സ്യങ്ങളുടെ ഉത്ഭവം ദക്ഷിണചൈനയിൽനിന്നും ഇൻഡോചൈനയിൽ നിന്നുമായിരിക്കാം. അവ പശ്ചിമഭാഗത്തേയ്ക്കും ദക്ഷിണഭാഗത്തേയ്ക്കും സംക്രമിച്ചതു നദികൾ വഴിയാണു്. തെക്കു കിഴക്കൻ ഏഷ്യയിൽ തെക്കും പടിഞ്ഞാറുമുള്ള പ്രദേശങ്ങൾ താഴ്ന്നു പോയപ്പോൾ, വടക്കുണ്ടായിരുന്ന മത്സ്യങ്ങൾ ആ പ്രദേശങ്ങളിലേയ്ക്കു സംക്രമിച്ചു. ഇന്നത്തെ മത്സ്യങ്ങളുടെ വിതരണം ഇതിന്നു് ഒരു മതിയായ തെളിവാകുന്നു. തെക്കെ ഇന്ത്യയിലെ നദികൾ കിഴക്കോട്ടു് പ്രവഹിക്കുവാൻ തുടങ്ങിയതു് പശ്ചിമഘട്ടത്തിൻെറ ആവിർഭാവത്തിന്നു ശേഷമായിരിക്കണം; അവ വളരെ പുരാതനങ്ങളാണെന്നുള്ളതു് ഒരു തക്കമററ സംഗതിയാകുന്നു.

# ചെറുകഥ.

[ആതിച്ചനല്ലൂർ, എൻ. കേശവപിള്ള ബി. ഏ; എൽ. ടി.]

സംസാരിക്കാൻ പഠിച്ച കാലംമുതൽ മനുഷ്യൻ കഥകൾ കേൾക്കുന്നതിൽ തല്പരനായിരുന്നിരിക്കണം. തന്റെ വിശ്രമസമയത്തെ വിനിയോഗിക്കുന്നതിനു നിർമ്മാണകുതുകിയായ മനുഷ്യൻ അസംഖ്യം വിനോദവിഷയങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടെങ്കിലും മാസികകൾ, വൃത്താന്തപത്രങ്ങൾ മുതലായവ മുഖാന്തരം ദിവസംപ്രതി പുറത്തുവരുന്ന ചെറുകഥകളുടെ എണ്ണത്തിന് ഒരു കുറവും കാണുന്നില്ല. അതുകൊണ്ടു ചെറുകഥകളുടെ പ്രാധാന്യം കുറഞ്ഞുവരുന്നു എന്നു പറവാൻ ഒരു തെളിവും ഇല്ല.

എഴുത്തും അച്ചടിയും പ്രചരിക്കുന്നതിനു മുമ്പു കേവലം കഥാകഥനം മാത്രമേ നടപ്പുണ്ടായിരുന്നുള്ളു. അന്നു കഥകൾ അനന്തരപരമ്പരകളിലേയ്ക്കു പകർന്നിരുന്നതു ശ്രുതിസ്മൃതികൾ മാർഗ്ഗം മാത്രമായിരുന്നു. കാലക്രമേണ ഒരുകൂട്ടർ ഇതൊരു തൊഴിലായി സ്വീകരിച്ചു. ചിലപ്പോൾ അവർ കഥകൾ പദ്യങ്ങളിൽ പകരുകയും സംഗീതസഹായത്തോടുകൂടി കഥകൾ പറയുകയും ഗാനം ചെയ്യുകയും ചെയ്തുതുടങ്ങി. ചാക്യാന്മാർ, കഥാകാലക്ഷേപക്കാർ ഇവർ ഇക്കൂട്ടരുടെ അനന്തരവരാണ്. പാശ്ചാത്യദേശങ്ങളിലും മദ്ധ്യകാലഘട്ടങ്ങളിൽ ഇക്കൂട്ടർ വിവിധനാമധാരികളായി ഈ തൊഴിൽകൊണ്ടു് ആഹാരം സമ്പാദിച്ചിരുന്നു. പേർഷ്യ മുതലായ രാജ്യങ്ങളിൽ കഥാകാഥികന്മാർ തെരുവുകളിൽനിന്നു ശ്രദ്ധാലുക്കളായ ശ്രോതാക്കളെ തങ്ങളുടെ കഥകൾ രസകരമായി പറഞ്ഞുകേൾപ്പിച്ചിരുന്നു. പാമരന്മാരായ ശ്രോതാക്കളെ തന്റെ ദിവ്യതത്വങ്ങൾ പഠിപ്പിക്കുന്നതിനു യേശുക്രിസ്തു കഥാകഥനം ഒരു മാർഗ്ഗമായി സ്വീകരിച്ചിരുന്നു. വിനോദപ്രിയന്മാരായ ബാഗ്ദാദിലെ സുൽത്താന്മാർക്കും മന്ത്രിമാർക്കും കഥകളിൽ ഒരിക്കലും അലംഭാവമുണ്ടായിരുന്നില്ല. അറബിനിശീഥിനീ വിനോദകഥകളിലെ ആയിരത്തിൽപരം കഥകൾ പറഞ്ഞു് സമർത്ഥയായ ഒരു രാജ്ഞി എല്ലാവിധത്തിലും തന്റെ ജീവനാഥനിൽനിന്നു ജീവനെ രക്ഷിച്ച കഥ പ്രസിദ്ധമാണല്ലൊ. ഒരിക്കലും അവസാനിക്കാത്ത ഒരു കഥ പറവാൻ കഴിയുന്ന ആളിനെ ക്ഷണിച്ചുകൊണ്ടു പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തി ഒടുവിൽ സ്വയംകൃതാനർത്ഥത്തിൽ കുടുങ്ങിയ രാജാവിനെക്കുറിച്ചും നാം കേട്ടിട്ടുണ്ടല്ലൊ.

കഥാസരിത്സാഗരം, ബൃഹത്കഥാസംഗ്രഹം, ഹിതോപദേശം, പഞ്ചതന്ത്രം, മാവാരതംപാട്ട്, വടക്കൻപാട്ടുകൾ, വിക്രമാദിത്യൻകഥ, മ

മദനകാമരാജൻകഥ മുതലായവയുടെ ഉത്ഭവത്തിനു കാരണം കഥാശ്രവണത്തിൽ ജനങ്ങൾക്കുള്ള അത്യാസക്തി അല്ലാതെ മറെറന്താണ്. നമ്മുടെ പുരാണേതിഹാസങ്ങൾ ഉണ്ടാകാനും പ്രചരിക്കാനും നിലനില്ക്കാനും കാരണം ഇതുതന്നെ.

പഴയ പല കഥാപരമ്പരകളും പരിശോധിച്ചാൽ അവയിലെ ഓരോ കഥകൾക്കും ആദിയോ മദ്ധ്യമോ അന്തമോ ഇല്ലാത്തതായി കാണാം. അവ മിക്കവാറും ആരുടെയെങ്കിലും അപദാനപരമ്പരകൾ ആയിരുന്നു. വളരെ ദുർബ്ബലമായ ഒരു നേരിയ തന്തു മാത്രമായിരുന്നു ഈ കഥകളുടെ പാരമ്പര്യത്തെ നിലനിത്തിയിരുന്നതു്. അവയുടെ പൂർണ്ണതയ്ക്കു ഗൗരവമായ വൈകല്യം വരുത്താതെ തന്നെ, അവയിൽനിന്നു് ഏതൊന്നും കഥകളെ വേർതിരിക്കാനൊ ഒന്നുരണ്ടു കഥകളെ കൂട്ടിച്ചേർക്കാനൊ വലിയ പ്രയാസമില്ലായിരുന്നു. ശാരീരികശക്തിയുടേയൊ സൃഷ്ടിനിപുണമായ ഭാവനാവിലാസത്തിൻേറയോ താൽക്കാലികവിരാമത്തിലാണു കഥ അവസാനിക്കുന്നതു്. കഥകളിൽ വ്യതിയാനങ്ങളും ഉപാഖ്യാനങ്ങളും ധാരാളമാണു്. കാഥികൻെറ ഹിതാനുസാരം യഥാസന്ദർഭം ആളിക്കത്തുന്നതിനു സാഹായകമായി, ശ്രോതാക്കളുടെ ജിജ്ഞാസയെ നീറുന്ന കനൽക്കട്ടപോലെ സൂക്ഷിക്കുന്നതിനു വേണ്ടി ഈ ഉപാഖ്യാനങ്ങളെ മനഃപൂർവ്വം പ്രധാന കഥാകായത്തിൽ തിരുകിക്കയററുകയായിരുന്നു അവർ ചെയ്തിരുന്നതു്. പാത്രസൃഷ്ടിയിൽ ശ്രദ്ധ വളരെച്ചുരുക്കമായിരുന്നു; പാത്രങ്ങൾക്കു വ്യക്തിസ്വഭാവം കാണ്മാനില്ലായിരുന്നു. പരിതസ്ഥിതി മാമൂലിനെ അനുസരിച്ചായിരിക്കും നിർമ്മിക്കുന്നതു്; സംഭവങ്ങൾക്കു പരമാത്ഥജീവിതത്തോടു ബന്ധം ഉണ്ടായിരുന്നില്ല.

ഇത്തരം കഥകളിൽനിന്നു വളരെ അകന്നതാണു് ഇന്നത്തെ ചെറുകഥകളും നോവലുകളും. അവയിൽ ഐകാത്മ്യം (unity) സർവ്വപ്രധാനമാണു്. ഇതിവൃത്തം ലഘുവോ ശൃംഖലിതമോ ആയിരിക്കട്ടെ; അവ വ്യക്തമായും ചതുരമായും സംഘടിതമായിരിക്കണം; പാത്രങ്ങൾ ജീവിതത്തിൻെറ ശരിപ്പകർപ്പുകളായിരിക്കണം; അവ എത്രതന്നെ അസാധാരണവും ഭാവനാപരവും ആയിരുന്നാലും ഓരോന്നിനും പ്രത്യേക ഉദ്ദേശങ്ങളും സ്വഭാവത്തിനും പരിതസ്ഥിതിക്കും അനുസരിച്ച കർമ്മപരിപാടികളും ഉണ്ടായിരിക്കണം. അവരവർ ജീവിക്കുന്ന സ്ഥലകാലങ്ങളുടെ ഒരു നിറം അവരവരുടെ ജീവിതത്തിലും കലർന്നിരിക്കണം. അതു് കഥയുടെ സ്വാഭാവികഭാവത്തെ വർദ്ധിപ്പിച്ചു് ഒരു പാരമാത്ഥ്യബോധം വായനക്കാരിൽ ജനിപ്പിക്കും.

ഈ മൂന്നു ലക്ഷണങ്ങളും നോവലിനും ചെറുകഥയ്ക്കും സമാനമാണ്. എന്നാൽ അവയുടെ സാധാരണധർമ്മങ്ങൾ ഇവിടെ അവസാനിക്കുന്നു. ചെറുകഥയുടെ പേരു് അന്വർത്ഥമായിരിക്കണം; അതുകൊണ്ടു് അതിൻെറ പരിധി നോവലിൻേറതിനേക്കാൾ ചെറുതായിരിക്കണം. ഇതിവൃത്തം, പാത്രങ്ങൾ, പരിതസ്ഥിതി ഇവ മൂന്നും ചെറുകഥയിലും ഉണ്ടു്. എന്നാൽ ഇതിവൃത്തം ലഘുവും പ്രായേണ ഒരു നിസ്സാരസംഭവത്തെ കേന്ദ്രീകരിക്കുന്നതുമായിരിക്കും. കഥയുടെ പുരോഗതി ഋജുവും ശീഘ്രവുമാണ്. ഇതിവൃത്തത്തിൻെറ ഉത്ഭവത്തിനു ഹേതുവായ അവസ്ഥാവിശേഷത്തെ വായനക്കാരുടെ ഹൃദയത്തിൽ ഉറപ്പിക്കുന്നതിലേയ്ക്കു നോവലുകളിൽ പലപ്പോഴും ആവശ്യമായിത്തീരാറുള്ള ദീർഘമായ പ്രാരംഭവിവരങ്ങൾ ചെറുകഥകളിൽ കേവലം ഉപേക്ഷിക്കപ്പെടുകയോ അല്ലെങ്കിൽ പ്രായേണ ഒററവാക്യംകൊണ്ടു സാധിക്കുകയോ ചെയ്യും. പാത്രങ്ങൾ കഴിയുന്നതും കുറഞ്ഞിരിക്കണം. ചിലപ്പോൾ ഒരു പാത്രത്തെ മാത്രമെ വേണ്ടപോലെ വിവരിക്കയുള്ളു. കഥാമർമ്മം ചിലപ്പോൾ നാടകീയമായിരിക്കും. കഥയുടെ ഉദ്ദേശം ചിലപ്പോൾ സ്വഭാവത്തിൻെറ പരിണാമരീതി വിവരണമായിരിക്കും. അങ്ങനെയുള്ള ഘട്ടങ്ങളിൽ അവതാരിക വളരെ ചുരുങ്ങും. മുൻപറഞ്ഞ മൂന്നു ഘട്ടങ്ങളേയും വിശദമായിവിവരിക്കാൻ ചെറുകഥയുടെ പരിമിതപരിധി അനുവദിക്കയില്ല. അതിനാൽ അവയിൽ ഒന്നിനുമാത്രം പ്രാധാന്യം നൽകുന്നു.

ചെറുകഥകളിൽ വികാരൈക്യം ഉണ്ടായിരിക്കണം. അതു് ഹാസ്യമോ, ബീഭത്സമോ, വിനോദപ്രധാനമോ, കരുണമോ ഏതെങ്കിലും ആയിരിക്കാം. അതു് കേവലം സ്വാഭാവികമോ ഭാവനാപരമോ ആകാം; ഇതു രണ്ടുമല്ലാതെ ചിലപ്പോൾ പ്രക്ഷോഭജനകമായും കാണുന്നുണ്ടു്. ഈ വിഷയത്തിൽ മററുപലതിലുമെന്നപോലെ, ചെറുകഥകൾക്കു വികാരാത്മകങ്ങളായ കാവ്യഖണ്ഡങ്ങളോടു വളരെ സാദൃശ്യമുണ്ടു്. രണ്ടിൻേറയും പരിധി വളരെ പരിമിതമാണു്. രണ്ടിലും ലഘുവായ ഒരു സംഗതിയോ സന്ദർഭമോ സ്തോഭകാരകമായിത്തീരുകയും ആ സ്തോഭം പ്രബന്ധം മുഴുവൻ വ്യാപിക്കുകയും ചെയ്യാറുണ്ടു്.

ഈ അടുത്തകാലത്തു ചെറുകഥകളുടെ നിയമവ്യവസ്ഥകൾ വളരെ വികസിച്ചിട്ടുണ്ടു്. എന്നാൽ കേവലം നിയമജ്ഞാനംകൊണ്ടു് നല്ല ചെറുകഥകൾ നിർമ്മിക്കാൻ സാധിക്കയില്ല. വിവിധഭാഗങ്ങളുടെ സംഘടന എത്രതന്നെ നിർദ്ദോഷമായിരുന്നാലും അനിർവ്വചനീയമായ ഒരു ഗദ്യശയ്യ,

കഥയ്ക്കു സ്വാരസ്യവും സൗന്ദര്യവുംപ്രദാനം ചെയ്യുന്നതിനും, ഗ്രന്ഥകാരന്റെ വ്യക്തിവിശേഷമുദ്രയെ പ്രസാധനം ചെയ്യുന്നതിനും സവ്വത്ര വ്യാപിച്ചിട്ടില്ലെങ്കിൽ കഥ മോശംതന്നെ. ചെറുകഥകൾകൊണ്ടുമാത്രം അനശ്വരഖ്യാതി സമ്പാദിച്ചിട്ടുള്ള സാഹിത്യകാരന്മാർ ലോകസാഹിത്യത്തിൽ ചുരുക്കമല്ല.

## സ്വിററ്സർലണ്ട്.

(പി. ആർ.)

സ്വിററ്സർലണ്ട് അതിമനോഹരമായ ഒരു രാജ്യമാണ്. ഹിമാവൃതപവ്വതങ്ങൾ, പൈൻവൃക്ഷങ്ങൾ നിറഞ്ഞ കുന്നുകൾ, രജതവർണ്ണങ്ങളായ ഫ്ർ, * മരതകച്ഛായയും മോഹനവുമായ സരോവരങ്ങൾ എന്നിവയെല്ലാം പ്രകൃതിദേവിയെ സുസ്മേരയാക്കുന്നതിനുള്ള വിധാനങ്ങളത്രെ. വശ്യശക്തിയേറിയ ഈ വിലാസങ്ങളെ ഒരു പ്രേക്ഷകൻ സ്വപ്നമോ എന്നു ചിന്തിച്ച് അവലോകനാനന്തരം നിഷ്ക്രാന്തനാകുന്നു. അവിടത്തെ സംവിധാനപാട്ടവത്തെയും അവർ അനുഷ്ഠിക്കുന്ന ശ്രദ്ധയേയും പക്ഷെ അവൻ സൂക്ഷിച്ചിരിക്കാം. ഇന്നത്തെ സുസ്ഥിതിക്കു നിദാനമായി നില്ക്കുന്നതു മനുഷ്യസംസ്കൃതിക്ഷമമായ ഹസ്തമോ, അഥവാ സംഹാരപ്രീണനമായ ഹസ്തത്തിന്റെ അഭാവമൊ അവന്റെ മനസ്സിൽ പക്ഷെ പതിഞ്ഞെന്നും വരാം. മനുഷ്യശക്തിക്കതീതമായി ശോഭിക്കുന്ന അസ്തമയസമയത്തെ ആകാശത്തോടൊ സുന്ദരമായി സപ്തവീഥിതി വ്യഞ്ജിപ്പിക്കുന്ന മഴവില്ലിനോടൊ സ്വിററ്സർലണ്ടിന്റെ മോഹനാകൃതിക്കു സാദൃശ്യമില്ലെന്നതും പരമാത്ഥം തന്നെ. സ്വിററ്സർലണ്ടിന്റെ സുന്ദരാകൃതിയെ ഭഞ്ജനം ചെയ്യാൻ കഴിയും. അവിടെയുള്ള വനവിഭാഗത്തെ നശിപ്പിച്ചാൽ അതിന്റെ സൗന്ദര്യത്തിനും സമ്പത്തിനും വിപുലമായ ഹാനി സംഭവിക്കുന്നതാണ്.

സ്വിററ്സർലണ്ടിന്റെ സൽസ്വഭാവത്തിന് അവിടെയുള്ള കാട്ടുമമ്മമെന്നു ചിരപരിചയംകൊണ്ടു വിദിതമായി. സ്വന്തമായി കൽക്കരിഖനികളുടെ അഭാവത്താൽ വൈദ്യുതപ്രവാഹത്തിനായി പല അരുവികളേ

* ഒരു തരം വൃക്ഷങ്ങളായിരിക്കുമോ? (പത്രാധിപർ)

യും ബന്ധിച്ചു. ഈ ശക്തി ഉപയോഗിച്ചാണു് അവിടത്തെ തീവണ്ടി നടത്തിയിരുന്നതു്. വ്യവസായശാലകളുടെ നടത്തിപ്പിനും നഗരങ്ങളിലും ഗ്രാമങ്ങളിലും വേണ്ട വിളക്കുകളുടെ ആവശ്യത്തിനും വിദ്യുച്ഛക്തി ഉപയോഗിച്ചിരുന്നു. വൈദ്യുതയന്ത്രത്തിന്റെ ജോലിക്കു ഭംഗംവരത്തക്കവണ്ണം അരുവികളിലെ വെള്ളത്തിനു ചില കാലങ്ങളിൽ മാററം വരുന്നതായി അനുഭവപ്പെട്ടു. ഇതു് അത്യന്തം ആപൽക്കരമാണു്. സ്വിററ്സർലണ്ടിനു വിശേഷിച്ചും അങ്ങനെയത്രെ. വിദഗ്ദ്ധന്മാർ കാരണാന്വേഷണം തുടങ്ങി. പരിപൂർണ്ണവിജയം അന്വേഷണത്തിൽനിന്നു സിദ്ധിക്കുവാൻ കാലമൊട്ടധികം വേണ്ടിവന്നു. കാടുകളെ ക്രമാധികമായി നശിപ്പിച്ചതാണിതിനു കാരണമെന്നു് അവർ നിശ്ചയിച്ചുറച്ചു. കുന്നുകളിലും പർവ്വതങ്ങളിലുമുള്ള തരുലതാദികളെ പൂർണ്ണമായോ അപൂർണ്ണമായോ നശിപ്പിച്ചാൽ അവയ്ക്കുള്ള ജലസംഗ്രഹണശക്തി നിശ്ശേഷമായോ അല്പാല്പമായോ നശിച്ചുപോകുന്നു. വനനിബിഡമായ ഒരു പ്രദേശത്തു രണ്ടരഇഞ്ച് മഴ പെയ്താൽ ഇരുപതു മിനിട്ടുകൊണ്ടു് ആ വെള്ളം മുഴുവനും ഭൂമിയിൽ വലിയുമെന്നും അഞ്ചു മുതൽ പത്തുവരെ മണിക്കൂർ കൊണ്ടു മാത്രമേ വൃക്ഷശൂന്യമായ ഒരു സ്ഥലത്തു് അത്രയും മഴവെള്ളം ഭൂമിയിലേക്കു താഴുകയുള്ളു എന്നും വിദഗ്ദ്ധന്മാർ സ്വിററ്സർലണ്ടിൽ പരീക്ഷണംകൊണ്ടറിഞ്ഞു. മഴയുണ്ടാകുമ്പോഴോ, പർവ്വതാഗ്രത്തിലെ ഹിമസംഹതിയുരുകുമ്പോഴോ ആററിൽ ധാരാളം വെള്ളമുണ്ടായിരിക്കും. അങ്ങനെ ഇല്ലാത്തപ്പോൾ അതു തീരെ വരണ്ടുപോകയും ചെയ്യും. അവിവേകിയായ ഒരു ധൂർത്തന്റെ ആയവ്യയങ്ങളോടു് ഇതിനെ സാദൃശ്യപ്പെടുത്താം. വനസംരക്ഷണത്തിനു വേണ്ട നിയമങ്ങൾ 1867-ൽ നടപ്പാക്കി. കർക്കശനിയന്ത്രണം സ്ഥാപിതമായി. ഒരുവനു വനത്തിന്റെ ഉടമസ്ഥനെന്നഭിമാനിക്കാം. പക്ഷേ വനസംരക്ഷണവകുപ്പിലുള്ള വിദഗ്ദ്ധനായ ഒരു ഉദ്യോഗസ്ഥന്റെ ഉപദേശത്തോടുകൂടിയല്ലാതെ ഒരു മരംപോലും മുറിക്കാൻ ഉടമസ്ഥനവകാശമില്ല. അവശേഷിച്ച വനവിഭാഗം ഇങ്ങനെ രക്ഷിക്കയും ക്രമേണ വൃക്ഷങ്ങൾ നട്ടുവളർത്തി പൂർവ്വാവസ്ഥയിൽ എത്തിക്കുകയും ചെയ്തു. കുറച്ചുകാലംകൊണ്ടു നദികൾ പൂർവ്വരൂപത്തിൽ ജലസുലഭങ്ങളായി. അത്രതന്നെയല്ല നദികളിൽ ഒഴുകുന്ന ജലത്തിന്റെ തുക പൂർവ്വകാലത്തെ അപേക്ഷിച്ചു് അധികപ്പെട്ടു. ചില കാലങ്ങളിൽ കരകവിഞ്ഞൊഴുകുന്ന സമ്പ്രദായവും മററു ചിലപ്പോൾ ജലശൂന്യമെന്ന നിലയും അവിടത്തെ നദികൾക്കില്ലാതായി. ആകെയുള്ള വരവു തുല്യമായി വിതരണം ചെയ്തു. എല്ലാം മംഗളമായി പര്യവസാനിച്ചു. സ്വിററ്സർലണ്ടിലെ കാടുകൾ അതിന്റെ ഇന്നത്തെ നിലയ്ക്കു

വലിയ സഹായമായിട്ടുണ്ട്. അവ ഇന്ദ്രിയസുഖാനുഭൂതിയുളവാക്കുന്നു എന്നിരിക്കട്ടെ. ആ രാജ്യത്തിൽ ആവശ്യമുള്ള വൈദ്യുതശക്തി സംഭരിക്കുന്നു. മുകളിൽനിന്നു കല്ലും മണ്ണും ജലപ്രവാഹത്താൽ കീഴോട്ടു തള്ളി കൃഷിസ്ഥലങ്ങളെ ഫലശൂന്യമാക്കാതെ വൃക്ഷങ്ങളുടെ വേരുകൾ സംരക്ഷിക്കുന്നു. സ്വിസ്സ് ജനങ്ങളുടെ മോഹനഗൃഹനിർമ്മാണത്തിനു തടികൾ ഉപകരിക്കുന്നു. ജനങ്ങൾ വനവിഭാഗത്തെ ആദരപൂർവ്വം ആചരിച്ചുപോരുന്നു.

സൂറിച്ചിനടുത്തു് നാലായിരം അടി പൊക്കമുള്ള യൂട്ടിലിബർഗ്ഗ് കുന്നിൽനിന്നു് ഒരു സമ്പൂർണ്ണവീക്ഷണത്തിനുദ്യമിച്ച ഇവനു് ചോട്ടനാഗപുരത്തിൻെറ സ്മൃതിയാണു് ആദ്യമുണ്ടായതു്. പക്ഷെ സ്മൃതിക്കാധാരമായ സാധർമ്മ്യം ബാഹ്യാകൃതിക്കു മാത്രമായിരുന്നു. സ്വിററ്സർലണ്ടിൽ സന്ന്യാഢ്യമല്ലാതെ ഒരു കുന്നുപോലും കാണുകയില്ല. കിഴക്കുഭാഗത്തു് മുകളിലും അല്പം കീഴിലുമുള്ള സ്ഥലം വൃക്ഷലതാദികളാൽ ആവൃതമത്രെ. ചോട്ടനാഗപുരത്തിൻെറ പ്രകൃതിസൌന്ദര്യത്തെ ഹനിക്കുന്ന മരുഭൂമിയോ മററുപയോഗശൂന്യമായ പ്രദേശമോ സ്വിററ്സർലണ്ടിൽ കാണുകയില്ല. ഈ സ്ഥിതിക്കുള്ള കാരണം ശ്രദ്ധേയമാണു്.

താഴെപറയുന്ന മൂന്നു പ്രധാനനിയമങ്ങളെ അവലംബിച്ചാണു് സ്വിററ്സർലണ്ടിലെ വനസംരക്ഷണം ചെയ്യുന്നതു്:—

1. കാടു സമൂലച്ഛേദനംചെയ്തു് മണ്ണു വാതാതപങ്ങൾക്കും മഴയ്ക്കും പാത്രമാക്കാറില്ല.

2. വനവിഭാഗത്തിനുള്ള ക്ഷേത്രം ഒരിക്കലും കുറവുവരുത്താറില്ല.

3. കലാശാലാബിരുദസമ്പാദിച്ച ഉദ്യോഗസ്ഥന്മാർ വനസംരക്ഷണവകുപ്പിൽനിന്നും വീണുപോകുമെന്നു് അടയാളപ്പെടുത്തിയ വൃക്ഷങ്ങളല്ലാതെ ഒരെണ്ണംപോലും മുറിക്കാൻ ഉടമസ്ഥനു് അവകാശമില്ല.

വനത്തിൻെറ സ്വാമിത്വമുള്ള ഓരോരുത്തനും അതിൽ വേലചെയ്യേണ്ടതിനു് ഒരു ആസൂത്രണം മുൻകൂട്ടി ഉണ്ടായിരിക്കണം. വനസംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ ശാസ്ത്രരീത്യാ നിഗമനം ചെയ്തിട്ടുള്ളവയാണു്. ആ പരിപാടിയിൽ നിർദ്ദേശിച്ചിട്ടുള്ള വേലകൾ ഒരു നിശ്ചിതകാലത്തിനുള്ളിൽ ചെയ്തുതീർക്കേണ്ടതത്രെ. സുശിക്ഷിതരായ വിദഗ്ദ്ധന്മാർ സശ്രദ്ധം രൂപീകരിച്ചിട്ടുള്ള ഈ പരിപാടി അബദ്ധമാകുവാൻ തരമില്ലല്ലോ.

ഒരു കാടിൻെറ വലിപ്പം വ്യവസ്ഥിത അളവിൽ കൂടിയാൽ മററു വനമുടമസ്ഥന്മാർ നിയമിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥൻെറ കീഴിൽ, വച്ചുകൊണ്ടിരിക്കുന്നതിനോ ആ ആളുടെ അധികാരപരിധിയെക്കവിഞ്ഞ വിസ്തീർണ്ണം കാടിനുണ്ടെങ്കിൽ പ്രത്യേകമായി ഒരു വിദഗ്ദ്ധനെ നിയമിക്കുന്നതിനോ നിയമം ശാസിക്കുന്നുണ്ടു്.

വനത്തിൻെറ വിസ്തീർണ്ണതയിൽ അറുപത്തിഎട്ടു ശതമാനം ഗ്രാമങ്ങൾക്കു് അധീനമാണു്. ഭരണാധികാരം പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥൻ ഓരോ ഗ്രാമത്തിലും ഉണ്ടായിരിക്കും. വിസ്തീർണ്ണത്തി

ൻെറ ന്യൂനാധികഭാവത്തെ ആശ്രയിച്ച് ഒററയായൊ കൂട്ടായൊ ഭരണം നടത്താവുന്നതാണ്. ഗ്രാമത്തിലെ മേയറും കൌൺസിലും വനസംബന്ധമായ കാൎയ്യങ്ങളിൽ പ്രത്യേകതാല്പൎയ്യം കാണിച്ചുപോരുന്നു. വനത്തിൽനിന്നുള്ള ആദായം ഗ്രാമീണൎക്കുള്ളതാണ്. ചില അവസരങ്ങളിൽ അവരുടെ നികുതി മുഴുവനും ഇതുകൊണ്ട് അടഞ്ഞുപോകുന്നു. വല്ലകുറവുമുണ്ടാകുന്നപക്ഷം പുതിയ നികുതിചുമത്തി അടച്ചുതീൎക്കുന്നു. ഗ്രാമത്തിൽ ഉള്ള വനവിഭാഗത്തിൽനിന്നുണ്ടാകുന്ന പണത്തിൻെറ വില ഓരോ ഗ്രാമീണനും വ്യക്തമായറിയാം. വനസംരക്ഷണത്തിന് ഇതും ഒരു പ്രത്യേക പ്രേരകമാണ്.

ഇൻഡ്യയിൽ കൊല്ലത്തിലൊരിക്കൽ മലവെള്ളം വന്നു നമ്മുടെ വാതുക്കൽ മുട്ടുമ്പോഴാം എവിടെയൊ എന്തൊ ഒരബദ്ധംപററിയിരിക്കുന്നു എന്നറിവാൻ നാം പ്രബുദ്ധരാകുന്നു. ആ എന്ത്? അതു ചെയ്യതന്നെവേണം. അതിൻെറ ഒരു ഘടകം വനമെന്നു ചിലർ നിശ്ചയിക്കും. അത് അവരുടെ അന്തഃകരണവനത്തിൽ ഒളിക്കയും ചെയ്യും. സ്വിററ്സർലണ്ട് ഇൻഡ്യയിലുള്ള ഒരു പ്രാവിൻസിനേക്കാൾ ചെറുതാണ്. അതുകൊണ്ട്, കാരണം കൺമുന്നിൽ അവർ കാണും. വിദൂരസ്ഥിതങ്ങളായ കാടുകളുടെ—ഒരുപക്ഷെ അങ്ങനെയുള്ളതുതന്നെ ഇവിടെയുള്ള ചിലർ അറിഞ്ഞിട്ടില്ലെന്നും വരും—നാശമാണു മലവെള്ളത്തിനുള്ള കാരണങ്ങളിൽ ഒന്നെന്ന് അറിവാൻ ഇൻഡ്യാക്കാൎക്കു കഴിയുന്നില്ല. അങ്ങനെതന്നെ ആയിരിക്കണമെന്നു സ്വിററ്സർലണ്ടുകാർ വിശദപ്പെടുത്തിയിരിക്കുന്നു.

ചില രോഗങ്ങളുടെ ഉപദ്രവമായി പനികാണുന്നതുപോലെ വെള്ളപ്പൊക്കം പലരോഗങ്ങളുടേയും പൂൎവ്വഗാമിയാണ്. വനങ്ങളെ നശിപ്പിക്കുന്നതുനിമിത്തം അനവധി അദൃശ്യരോഗാണുക്കൾ വളരുന്നുണ്ട്. അണുക്കളും മററുചില രക്ഷാമാൎഗ്ഗങ്ങളും അല്പം ആശ്വാസഹേതുകമാണ്. മഞ്ഞുകട്ടി ഉപയോഗിച്ചു പനിക്കു കുറവുവരുത്തുന്നുണ്ടെങ്കിലും അതു രോഗശമനത്തിനുള്ള ഔഷധമല്ലല്ലൊ.

യൂറോപ്പിലുള്ള ഒട്ടനവധി രാജ്യങ്ങളിലും കൎക്കശമായ വനനിയമമുണ്ട്. സ്വാമിത്വാധികാരത്തെ വ്യക്തമായി നിയന്ത്രിച്ചും അവകാശപൂൎണ്ണതയെ അംഗീകരിച്ചും ഈ നിയമം നിലവിൽ ഇരിക്കുന്നു. ജനങ്ങൾ ഈ ശാസനത്തെ സന്തോഷപൂൎവ്വം അനുസരിക്കയും സഹകരിക്കയും ചെയ്യുന്നു. മുപ്പതു ഏക്കർ കാടുള്ള ഒരാൾ ശാസ്ത്രരീത്യാ നിർദ്ദേശിച്ചിട്ടുള്ള ഒരു പ്ലാൻ അനുസരിച്ചു വനസംരക്ഷണം ചെയ്യണം. വിസ്തീൎണ്ണം 720 ഏക്കറൊ അതിൽ കൂടുതലൊ ആണെങ്കിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു ശമ്പളം കൊടുക്കണം. അങ്ങനെ ചെയ്യുന്നതു കൂട്ടായിച്ചേൎന്നു മതിയാകുന്നതാണ്. അതു് 1815 ഏക്കറോ അതിലധികമോ ആണെങ്കിൽ പ്രത്യേകം ഒരു വിദഗ്ദ്ധനെ നിയമിക്കേണ്ടതാണ്. ഇങ്ങനെ ഒരു നിയമം നമ്മുടെ നാട്ടിലും നടപ്പാകേണ്ട കാലം ഇനിയും സമീപിച്ചിട്ടില്ലേ?

# പ്രാഥമിക വിദ്യാഭ്യാസം.

## II

മന്ദനെന്നോ വികൃതിയെന്നോ തോന്നുന്ന ഒരു വിദ്യാൎത്ഥിയെ പാഠശാലയിൽ നിന്നു പുറത്തു വിടുക. വയലിലോ, തോപ്പിലോ, നദീതീരങ്ങളിലോ, വല്ല തൊഴിൽ ശാലയിലോ പെരുമാറുന്നതിന്നു അനുവദിക്കുക. അവിടെ പ്രകൃതിയുടെ വിലാസചേഷ്ടകളിൽ അവൻ വലിയ ഉത്സാഹം പ്രസന്നതയോടെ പ്രദൎശിപ്പിക്കുന്നതു കാണാം. ജിജ്ഞാസയോടുകൂടി അവൻ പ്രകൃതിയോടു പല പ്രശ്നം ചെയ്യുന്നതായി നമുക്ക് അനുഭവപ്പെടും. ജോലി, വിനോദം എന്നിവയെ പഠിക്കലിൽ നിന്നു വേർതിരിക്കുന്നതിന്നും ജീവിതത്തിൽ നിന്നു വിജ്ഞാനത്തെ അകററി നിറുത്തുന്നതിന്നും ഒരു മാൎഗ്ഗം നാം അപ്പോൾ കണ്ടെത്തും. സൃഷ്ടിപരമായ ജോലികൾക്കു വേണ്ട സജ്ജീകരണവും കളിക്കുവാൻ—അതുതന്നെയാണു ജോലി—വേണ്ട അവസരവും നൽകുന്ന ഒരു സങ്കേതത്തിൽ സ്വതന്ത്രമായി കുട്ടികളെ വിടുക. അവർ നവംനവങ്ങളായ പല ഉൽകൃഷ്ടബോധവും സമ്പാദിക്കുന്നതു കാണാം. മനുഷ്യബന്ധത്തിന്നും പ്രകൃതിസൗന്ദൎയ്യത്തിന്നും സമഞ്ജസമായ ഒരു ബന്ധമുണ്ടെന്നും കാണാനിടയാകും.

കൎമ്മകുശലതയും ബുദ്ധിവിശാലതയുമുള്ള ഒരു നാട്ടിൻപുറത്തുകാരനു പാഠ്യവിഷയങ്ങളെ നിൎണ്ണയിപ്പാൻ അവകാശം കൊടുത്താൽ അവൻ ഇന്നത്തെ ചരിത്രം, ഭൂമിശാസ്ത്രം, സാഹിത്യം, മതം എന്നിവയെ നിശ്ചയമായി ഉപേക്ഷിക്കും. എഴുത്തും വായനയും കണക്കും തന്നെ വേണ്ട എന്നു വച്ചേക്കുമോ? അവൻെറ ആവശ്യം കുട്ടികളെ ജീവിക്കാൻ പഠിപ്പിക്കണമെന്നു മാത്രമായിരിക്കും. അപ്പോൾ വിദ്യാഭ്യാസാധികൃതന്മാരുടെ മറുപടിയെന്തായിരിക്കും. "ആവിധ വിദ്യാഭ്യാസം സാധിക്കയില്ല. അതിന്നു യോഗ്യന്മാരായ അദ്ധ്യാപകന്മാരില്ല. അതുതന്നെയല്ല ആ ഉദ്ദേശം ഭരണകൂടത്തിന്നു ഇല്ലതന്നെ." നാട്ടിൻപുറത്തുകാരനു ഇതിൻെറ ഗന്ധംതന്നെ ഇല്ലെന്നു വച്ചു തീരെ അവഗണിക്കുന്നതായി കാണാം. വൈദേശികവിദഗ്ദ്ധന്മാരോ അവരുടെ അധീനത്തിൽ പഠിച്ചുവളൎന്ന നാട്ടുകാരോ സൃഷ്ടിച്ചതും കാലക്ഷേപത്തിന്നു മാൎഗ്ഗമുള്ളവർ ആസ്വദിച്ചതോ കഷായമെന്നവണ്ണം കണ്ണടച്ചു സേവിച്ചതോ ആയ ആ പദ്ധതി തന്നെ ഭാവിസന്തതികളുടെ തലയിലും എഴുതിത്തള്ളുന്നു. മററു പോംവഴിയൊന്നുംതന്നെയില്ല. ഭരണസ്ഥാപനത്തിൽനിന്നു മറെറാന്നും നൽകാനില്ല. സ്വീകൃതൎക്കു ഇതല്ലാതെ മറെറാന്നും ആവശ്യവുമില്ല. ഭരണീയജനങ്ങൾക്കു നിർബന്ധവിദ്യാഭ്യാസം നൽകണമെന്നു ഗവൎമ്മെൻറു ഭാവിക്കുന്നുണ്ട്. പക്ഷെ വിദ്യാഭ്യാ

സത്തിൻെറ ഗതി എന്തായിരിക്കണമെന്ന് ആലോചിക്കുന്നതേയില്ല. പക്ഷെ വേണ്ട ഉപദേശത്തിൻെറ കുറവായേക്കാം. വിദഗ്ദ്ധന്മാർ നല്ലതെന്നു വിധി കല്പിച്ചതുകൊണ്ടു ഗവമ്മെൻറു തൃപ്തിപ്പെടുന്നതേയുള്ളു. പണ്ടുപണ്ടെ നടപ്പുള്ള ആ വിദ്യാഭ്യാസയന്ത്രത്തെ ശുചീകരിച്ച് അല്പം എണ്ണയുംകൊടുത്തു പുതിയ നട്ടും ബോൾട്ടും ഇട്ടാൽ അതു ഭംഗിയായി നടക്കുമെന്നും സമാധാനിക്കുന്നു. ഇതു കാലോചിതമല്ലെന്നു എല്ലാവരും സമ്മതിക്കുമെങ്കിലും അവരിൽ പലക്കും ഉചിതമായ ഒരു പദ്ധതി രൂപീകരിക്കാൻ സാധിക്കുന്നില്ല.

നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന ഈ പ്രശ്നത്തിനുള്ള സമാധാനം വിഷമതരമെങ്കിലും അതിനുള്ള നിവൃത്തി അസാധ്യമല്ല. ഇങ്ങനെ ഒരു പ്രശ്നമുണ്ടായതുതന്നെ അതിൻെറ നിവൃത്തികവാടത്തെ ഉൽഘാടനം ചെയ്യും. ഭരണ ക്രമമാകുന്ന യന്ത്രം ഭാരമേറിയതും പ്രതിബന്ധപൂർണ്ണവുമത്രെ. അതിൻെറ നിർബാധമായ ഗതിക്കു നിരപ്പുള്ള പാത ആവശ്യമാണ്. ഒഴിഞ്ഞു മാറാത്ത വല്ല തടസ്സവുമുണ്ടെങ്കിൽ അതിനെ നശിപ്പിച്ചു എന്നു വരുന്നോക്കാം. അതിൻെറ സീമയെ അതിലംഘിച്ചു പുതിയ ഒന്നിനെ ഗവേഷണം ചെയ്യാൻ അതു ശക്തമല്ല. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനു നടപ്പിലുള്ളതിനെ പരിരക്ഷിക്കയല്ലാതെ പുതിയ ഒരു അഭിവൃദ്ധിക്കു പരീക്ഷണം ചെയ്യാനവകാശമില്ല. പൊതുജനങ്ങൾ ഈ ഭാരം കൈയേററു നടത്തത്തക്കവണ്ണം ഏതു രാജ്യത്തിനാണോ അവകാശവും സന്മനസ്സുമുണ്ടാകുന്നതു്, അവിടെ ഇതു സാധിപ്പാൻ കഴിയുന്നതാണ്. ചിന്താശീലരായ പൗരാവലിയുടെ ക്രമാഭിവൃദ്ധവും ബലിഷ്ഠവുമായ അഭിപ്രായവും അഭിവൃദ്ധിപ്രദമായ വിദ്യാഭ്യാസരീതിയുടെ ശുഭാശംസയും പ്രത്യക്ഷമാകുമ്പോൾ ഭരണക്രമം ആ വഴിക്കു വ്യാപരിക്കുന്നതായിരിക്കും. ആധുനികപദ്ധതിയുടെ പരാജയം അല്പം ഒരു അസ്വാസ്ഥ്യം പരക്കെ ഉണ്ടാക്കീട്ടുണ്ട്. അതുകൊണ്ടു വിജയപ്രദമായ ഒന്നു വേണമെന്നെങ്കിലും തോന്നിത്തുടങ്ങിയതു ശുഭാശംസകമത്രെ. പാരമ്പര്യസിദ്ധമായ സന്മാർഗ്ഗപ്രതിഷ്ഠയിലും ആവത്തിച്ചാവത്തിച്ചുണ്ടായിട്ടുള്ള വാസനയിലും വിദ്യാഭ്യാസം നടത്തേണ്ടതാണ്. പക്ഷെ ഇന്നു നാം ലക്ഷ്യശൂന്യമായ ഒരു രീതിയേയാണവലംബിച്ചിരിക്കുന്നതു്. നാം അല്പം ധൈര്യത്തോടെ മുന്നോട്ടു പോകുന്നതായാൽ സൽഫലം സിദ്ധിക്കാതെന്നെ ചെയ്യും.

നിർബന്ധിതവിദ്യാഭ്യാസംകൊണ്ടു മാത്രമേ സാക്ഷരത്വം സാർവ്വത്രികമാക്കുവാൻ സാധിക്കുകയുള്ളു എന്നു ചിലർ പറയാറുണ്ടു്. ആ ശബ്ദംതന്നെ ഭാഷയിൽ നിന്ന് എടുത്തു കളഞ്ഞാലും ഈ വിഷയത്തിൽ

ദോഷമില്ലന്നാണ് തോന്നുന്നത്. യാതൊരു നിർബന്ധമില്ലെങ്കിലും പ്രാഥമികപാഠശാലകളെ സന്ദർശിക്കാൻ സന്മനസ്സുള്ള ഒരുവനു വിദ്യാർത്ഥികളുടെ കുറവു ഒരു ദിക്കിലും കാണ്മാൻ സാധിക്കയില്ല. അവിടെ കെട്ടിടത്തിനുള്ള സ്ഥലക്കുറവ്, കുട്ടികൾക്കിരിക്കാൻ ബഞ്ചില്ലായ്ക, മററു സാധനങ്ങളുടേയും ഉപകരണങ്ങളുടേയും കുറവ്, സർവോപരി അല്പപട്ടിണികൊണ്ടു മ്ലാനമായ മുഖത്തോടും ദുരന്തദാരിദ്ര്യത്തിൻെറ തർജ്ജനംകൊണ്ടു ദുസ്ഥിതി വന്ന വേഷത്തോടും കൂടിയ പെറു പൈതങ്ങളുടെ ഇരിപ്പ് എന്നീയോരോന്നും കണ്ട് സംതപ്തനോ സംതൃപ്തനോ ആകാവുന്നതാണ്. അപ്രകൃതമെങ്കിലും പരിശോധനാധികൃതന്മാരുടെ അനുവർത്തനവും ആശാസ്യനിലയിലല്ല. കടലാസിൽ വിദ്യാഭ്യാസത്തിനു കുറവുകാണരുതെന്നല്ലാതെ അവരിൽ പലർക്കും പരിശീലനം കുട്ടികളിൽ എത്രത്തോളം പതിഞ്ഞിട്ടുണ്ടെന്ന നോട്ടംതന്നെയില്ല. കാളേജുകളുടേയും ഹൈസ്കൂളുകളുടേയും ആവശ്യവും ആഡംബരവിധാനവും കഴിഞ്ഞിട്ടു അവശേഷിക്കുന്ന (ഒന്നുമുണ്ടാകയില്ല) വല്ലതുംകൊണ്ട് ഒരു സർവ്വാണി എന്നവണ്ണം പ്രൈമറിപാഠശാലകളെ നല്ല നാട്ടുഭാഷാപാഠശാലകളും രക്ഷിച്ചുപോരുന്നു. ഈ "പൂജിതപൂജക" സ്വഭാവം മൂർഖലക്ഷണമല്ലെ?

ഇന്നുള്ള പ്രൈമറിപാഠശാലകളേയും വി. എം. സ്കൂളുകളേയും ഒന്നടച്ചുവാർത്തു വിദ്യാഭ്യാസം നടത്തുകതന്നെ വേണം.

## * ശൃംഗാരലഹരി.

(തുടർച്ച)

12. ആവിർലീലം കളിക്കുന്നിതു മദമിളകും
ദൃഷ്ടിമാതംഗമിട്ടി-
ന്നേവി! കാതോടുപോയിച്ചെന്നിടയിടവരപാ-
ഞ്ഞോമലേ! താവകീനം
ഏറ്റ(വ)ങ്കൽ പ്രേമമാമങ്കുശകലവിരുതോടു
ത്താശു പൂവാണനെന്നും
പാവാൻ കൊണ്ടുതതുളക്കുന്നിതു രഹസി തളി-
ക്കുന്നൊഴും ധന്യശീലേ.

13. ഞാനുണ്ടോ കോഴിക്കൂകീയൊരു മുനിവനിതാം
ചൊല്ലിരാപ്പാതിരയ്ക്കാ
വാനോർകോനെക്കണക്കേ വിജയനിവ വൃഥാ
സന്യസിച്ചീലൊരുന്നാൾ
കാണാഞ്ഞോന്നാം വിളിച്ചേൻ പ്രണയിനിയെ മുദാ
മാർപ്പൂമാലതീം മൽ-
പ്രാണാപായെ പിരാന്തോ പുനരിതുമഴകാ-
ണാഞ്ഞു വേഴാമ്പൽപോലെ.

14. ധന്യേ! ഞാൻ നിന്നെ വേർപെട്ടളവൊരു മലർവി-
ല്ലാളി മാപാപി കോപാ-
ലെന്നൊത്തന്നൊ ചുഴിഞ്ഞിട്ടടനുയിർകളയും-
മാറു പൂവാണമെയ്യാൻ
തന്നാലാകുന്നവണ്ണം തെരുതെരെ നിതരാം
തല്ലി വില്ലുംമുറിച്ചാൻ
പിന്നെക്കെട്ടിട്ടിഴച്ചാനവനിയിൽ മ വൻ
ഞാണുകൊണ്ടോണമാതേ!

15. മല്ലീനിലാവാം മധുവാണിവേണീ-
തുല്യാകൃതേ! ചാതകജാതിബാന്ധവാ!
കല്യാണമേഘോത്തമ കാന്തചാര-
ത്തില്ലാതനാളെന്നാ വെറുപ്പിയാതേ.

16. മന്നാം പൂതലതാനികഞ്ജനികടേ
നാം നട്ട പൂമല്ലയാ-
ലൊന്നിന്മേൽ കലിതകാൽഗമം ബത കലർ-
ണ്ണുതോ കലന്നീലദയാ?
എന്നൊല്ലാം ദിവസാന്തരത്തിലറിയേ-
ണ്ടാതോ വയസ്യാമട്ട-
ത്തിന്നും കണ്ടതുമില്ല ചെന്നറികയോ
മെല്ലെ രമാമല്ലികേ!

17. പാടലാധരമിരന്നിരന്നു ഞാൻ
നാട്ടനീങ്ങമതിലില്ല സങ്കടം;
മൂഢലോകർ നിരസിപ്പർ നമ്മെയെ-
ന്നാട്ടകാൽ മനസി രാജചന്ദ്രികേ!

18. മല്ലീനിലാവോടണയുന്നനേര-
ത്തെല്ലാനിലാവും വെയിലെന്നുതോന്നും;
അല്ലാതനാളും മമ തോഴ! ചിത്ത-
മെല്ലാനിലാവും വെയിലെന്നുതോന്നും.

19. ഞാനോ ഞാനോത്തുവല്ലേനിതു കിമപി തിരി-
ച്ചീടവാൻ ചാരു ചൊവ്വാ-

പ്പൂന്തേനെവ്വണ്ണമെത്തുന്നാതിന മധുരതാ-
സാരമേറൂ മനോജ്ഞേ!
ആനംഗേ സംഗരേ ചെററിട മതുമൊഴിയാ-
മിട്ടിയച്ചീ മുദാ നീ
താനേ നല്കുന്നാതിന്നോ പലപൊഴുതു പിണ-
ങ്ങിപ്പറിക്കുന്നാതിന്നോ.

20. പറയാം പറയുന്നാവക്കു മററെ-
ന്തറിവുള്ളോക്കറിയാമനംഗതാപം
ഗുരുദാരുണമീററനോവു വന്ധ്യ-
യ്ക്കൂറിയാമോ? വരഗാത്രി! രത്നലേഖേ!

21. എന്തുത്തരം നിനവിനാഗ്രഹമൊന്നിലുണ്ടാ-
മന്ധക്കശേഷമപി ഭാവമതെന്നുതോന്നും
ചന്ത്രത്തിലേണനയനേ! ചെവിയിൽക്കടക്കൺ
മന്ത്രിച്ചതെന്തു മമ മന്മഥതാപമല്ലീ?

22. കണ്ണത്തിൽത്തെളിതേൻതുളുമ്പിന ഗിരാ-
നല്ലാരെ വല്ലോരെയും
വണ്ണിപ്പുണ്ടു തരത്തിലക്കുചതടം
പൂണ്ടും കളിപ്പുണ്ടു ഞാൻ
നിന്നെത്തൊട്ടൊഴിയെപ്പരം നിരുപമേ!
നിന്നാണ പിന്നെക്കിട-
ന്നൊന്നുംക്കാമ്പലർവാണവാണ ശിഖിനാ
വേവില നീവില്ലതേ.

23. പുനം ചമയ്ക്കുന്ന ചിലോകമെല്ലാ-
* മനന്തു ചൊല്ലീട്ടിഹ കേൾപ്പനോ ഞാൻ
കനാതിരണ്ടിടെഴുമിക്ഷുകാണ്ഡാൽ
കനിഞ്ഞു പൂന്തേനൊഴുകുന്നപോലെ.

24. കാ വാ ശങ്ക കദലശകമ്രവദനേ!
കല്യാണനീവീ മുദാ
വാ വാ വാർമുലനല്കു നിന്നൊടു
കളിച്ചും ഞാൻ പിഴച്ചീലെടോ
താവും കാമുകമാനസേഷ്ടവരപാ-
ഞ്ഞേററം പുളച്ചീട്ടമി-
പ്പൂവാണ്ണോത്സവഗന്ധസിന്ധുരമദം-
പാടേ! പദം കമ്പിടാം.

25. ഒന്നും വിശപാസമല്ലെൻപ്രിയസഖ! പഥിക-
ന്മാക്കു പേടിക്കവേണ്ടാ
മുന്നം കേളള്ളടക്ഷോണിയിലവിടെ മറി-
ച്ചായിദതാ കാലദോഷാൽ?

* അനന്തു്=വിസ്തരിച്ചു്

കന്നാംവെല്ലുന്ന കണ്ണെക്കൊണ്ടഴകിനൊടിടയ-
ക്കാട്ടമന്റുണ്ണിയച്ചി-
ത്തന്വംഗീമൗലിരത്നം തരുണരൊട്ടു പറി-
ക്കുന്നിതുൾക്കാമ്പശ്ശേഷം.

26. താരുണ്യാർണ്ണവസീമ്നി മേളമിയലും
കല്ലോലമങ്ങു്, മട്ടു-
ത്താരമ്പൻ തടവുന്ന പുണ്യഫലമി-
ന്നൊങ്ങു് മഹീമണ്ഡലേ?
സാരംഗാക്ഷികൾ മൗലിമേലണയുമ-
മ്മാണിക്യമെങ്ങു് നിറം
ചേരും കാവിളകാടെഴും ചെറിയതാ-
മെന്നോമലെങ്ങു് സഖേ?

27. കാണാഞ്ഞാലതിനുണ്ടു സങ്കടമെനി-
ക്കാഹന്ത കണ്ടാലുടൻ
ക്രണാഞ്ഞാലലർവാണകേളിയിൽ മനം
ചെല്ലുന്നു പുൽകുംവിധൗ
വീണാലാപിനി! വിസ്മയം തവ വിലാ-
സപ്രൗഢി വാഴ്ത്താവത-
ല്ലേണാക്ഷീമണി തൃക്കടംപിതമുലാ-
വീടും പയോജാനനേ!

28. മന്ദാരകേളി തവ മെയ്ഭുവനം വലപ്പാ-
നൈന്താർചരൻ കരുതിവെച്ചൊരു വശ്യമെന്നും
ചെന്താർമകൾക്കു മണിമന്ദിരമെന്നുമയ്യാ!
ചന്ദ്രാഭിരാമമുഖി രണ്ടു മതം മദീയം.

29. ലീലായാം തോഴ! വിദഗ്ദ്ധസരസപരിഷദാം
ബാലികാകുന്തളാദ്യ-
ന്മാലാഃശാകുന്തളംകേട്ടുപചിതകുതുക
വ്രീള ചിന്താകുലാംഗീ
ബാലാംഗുല്യാ വരച്ചാൾ കിമപിവദനമാ-
നമ്യ പൂരാടമാതാം
പാലാഴിപ്പെണ്ണതസ്മന്നതളിരിനക-
ത്തോ നിലത്തോ ന ജാനേ.

(സ. കേ. സാ. പ. ത്രൈ:)